# ശാംഭവി

ത്രൈമാസിക

പുസ്തകം 6 | ജനുവരി – മാർച്ച് 2017 | ലക്കം 1



# പത്രാധിപക്കുറിപ്പ്

ഒരു വ്യക്തിയ്ക്ക് എവിടംവരെ സ്വാതന്ത്ര്യമാകാം എന്ന ചോദ്യം ഇന്നത്തെ സാമൂഹിക വിഷയമായിത്തീർന്നിരിക്കുകയാണല്ലോ. അവനവൻ ആത്മസുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായി വരണമെന്ന മഹദ്വചനം സ്വാതന്ത്ര്യത്തെ കൃത്യമായി നിർവ്വചിക്കുന്നുണ്ട്. വ്യക്തികൾക്കോ സമൂഹത്തിനോ പ്രതികൂലമായ (ദുഃഖകാരണമായ) ഒന്നും സ്വാതന്ത്ര്യമാകില്ല. സ്വാതന്ത്ര്യത്തിനും താഴ്ന്നപരിധിയും ഉയർന്നപരിധിയുമുണ്ട്. സ്വാതന്ത്ര്യം നമ്മളെ നിലനിർത്തുന്നതാകയാൽ അതിനെ ധർമ്മമെന്ന് വിളിയ്ക്കാം. ഇതിനെപ്പറ്റി മഹാഭാരതം എന്തു പറയുന്നു എന്നു നോക്കാം :

*ധർമ്മം യോ ബാധതേ ധർമ്മോ*
*ന സ ധർമ്മഃ കുധർമ്മ തത്*
*അവിരോധീ തു യോ ധർമ്മഃ*
*സ ധർമ്മോ നരപുംഗവഃ*

സമൂഹം നിശ്ചയിക്കുന്ന സ്വാതന്ത്ര്യവും വ്യക്തി ആഗ്രഹിക്കുന്ന സ്വാതന്ത്ര്യവും ഒന്നായാലാണ് സമാധാനപരമായ ഒരു സമാജം ഉണ്ടാകുകയുള്ളൂ. ഇതിന് സാംസ്കാരികമൂല്യങ്ങൾ ഊട്ടി വളർത്തുന്ന കുടുംബങ്ങളും അത്തരത്തിലുള്ള കുടുംബസൃഷ്ടിയ്ക്കു വേണ്ടി വിദ്യാഭ്യാസം നല്കുന്ന ഒരു ഭരണവും വേണം.

സ്ത്രീയായാലും പുരുഷനായാലും ഓരോ പ്രത്യേകതകൾ ഈശ്വരൻ അനുഗ്രഹിച്ച് നല്കപ്പെട്ടവരാണ്. അതുപോലെ പരിമിതികളും. സ്ത്രീ മാത്രമായിട്ടോ പുരുഷൻ മാത്രമായിട്ടോ ഒരു ലോകം ഉണ്ടാകാൻ തരമില്ലാത്തതുകൊണ്ടും അവർ കുടുംബത്തിനും അതുവഴി സമൂഹത്തിനും പകർന്നുനല്കുന്ന സാംസ്കാരികമൂല്യ പ്രത്യേകതകൾകൊണ്ടും രണ്ടുപേർക്കും ലോകത്ത് തുല്യ സ്വാതന്ത്ര്യമാണുള്ളത്. അതാണ് ഭാരതീയ പൈതൃകം അനുസ്യൂതമായി പറഞ്ഞുതന്നുക്കൊണ്ടിരിക്കുന്നതും. അതുകൊണ്ട് ഇന്നത്തെ ലോകത്ത് ഇത്രയും പറഞ്ഞ കാര്യങ്ങൾ മാനിച്ചുകൊണ്ടായിരിക്കണം ആവിഷ്ക്കാരസ്വാതന്ത്ര്യം, സദാചാരം, വ്യക്തിസ്വാതന്ത്ര്യം എന്നിവ ചർച്ചചെയ്യാനും അവ നടപ്പിലാക്കാൻ ഭരണാധികാരികളെ പ്രേരിപ്പിക്കാനും.

പുസ്തകം 6 ലക്കം 21
ജനുവരി - മാർച്ച് 2017

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

# വിഷയവിവരം

1. അംബികാത്രിശതീ

2

2. സംസ്കൃതപഠനം - 29

10

3. ഔഷധസസ്യങ്ങൾ - 16
ചെത്തി

18

4. കുട്ടികളുടെ വാല്മീകി രാമായണം - 10

21

5. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 20

19

7. ചണ്ഡീരഹസ്യം
(ശ്രീ നീലകണ്ഠദീക്ഷിതവിരചിതം)

24

8. ഭഗവദ്ഗീത - ഒരു പുനർവായന - 9

29

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# അംബികാത്രിശതീ

സമ്പാദക : അപർണ്ണാദേവി എ.

*മൂകാദീനാം പുരഹരമൌല്യാന്ദോളനകരോജ്ജ്വലാ വാചഃ*
*യത്കരുണ്യാത് കാലേ സമുല്ലസന്തീഹ സാ മദീയധനം.* 151

യാതൊരുവളുടെ കാരുണ്യത്താലാണോ സമായസമയങ്ങളിൽ ശിവമൗലിയിൽ ആടുന്ന ഗംഗാപ്രവാഹസദൃശമായ വാക്കുകൾ നമ്മളിൽ സമുല്ലസിക്കുന്നത് ആ ദേവിയാണ് എന്റെ ധനം.

*സർവേഷാം ദേവാനാമപി മർത്ത്യാനാം തഥാ ഗിരീശസ്യ*
*ഏകാ പുണ്യശ്രേണീ ഗൗരീരൂപാ ഹി സർവദാ ജയതി.* 152

എല്ലാ ദേവന്മാരുടെയും മനുഷ്യരുടെയും ശിവന്റെയും ഗൗരീരൂപത്തിലുള്ള പുണ്യശ്രേണി എപ്പോഴും സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

*പശുപതിപുണ്യശ്രേണീപരിപാകം പാർവതീരൂപം*
*നിജദൃഗ്രക്ഷിതലോകത്രയമിദമാരാദ് വിരാജതേ തേജഃ.* 153

ശിവപുണ്യത്തിന്റെ പരിപാകവും മൂന്നു ലോകങ്ങളെയും സ്വകൺകളാൽ രക്ഷിച്ച ഈ തേജസ്സ് അടുത്ത് വിരാജിക്കുന്നു.

*ശീതളഭൂധരജനിതാ ദയയാ ച പുനസ്തഥാ ശീതാ*
*ശീതളലാല്യകടാക്ഷാ സ ജനനീ നഃ സദാ ജയതി.* 154

ശീതളമായ ഹിമവാന്റെ പുത്രിയും ദയകൊണ്ട് ശീതയും ശീതളിമമായ കടാക്ഷത്താൽ ലാളിക്കുന്നവളുമായ നമ്മുടെ അമ്മയായ പാർവ്വതീദേവി എപ്പോഴും സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

*സ്മൃതിമാത്രതാപഹാരിണ്യൈ കലിതപ്താനാം ജനാനാം സാ*
*കൃതസങ്കല്പാനല്പാഭരണാ ഭരണായ ഹൃദി ലസതി.* 155

കലിദോഷത്താൽ തപ്തരായ ജനങ്ങളുടെ താപം സ്മരണമാത്രേണ ഇല്ലാതാക്കുന്നവളും അല്പാഭരണയും നമ്മളെ നിലനിർത്തുവളുമായ ദേവി ഹൃദയത്തിൽ ശോഭിക്കുന്നു.

*സുകൃതിജനദൃശ്യരൂപം ദുഷ്കൃതിജനദൂരഗം ച തത് തേജഃ*
*കാരുണ്യപൂർണഹൃദയം തദ്ഭാവനതാം തഥാ ജയതി.* 156

സജ്ജനങ്ങൾക്കു കൺമുന്നിലുള്ള രൂപവും കരുണാപൂർണ്ണമായ ഹ

ദത്തോടുകൂടിയതുമായ ആ തേജസ്സ് സർവ്വോൽക്കർഷേണ വർത്തിക്കു ന്നു.

*താപിഞ്ഛസ്തബകരുചിർജനനീ സാ ശാങ്കരീ ഭജതാം*
*നിജദൃക്പാതപ്രശമിതദാരിദ്ര്യാദിർലസതി പീഠേ.* 157

തേന്മാവിൻകുലയുടെ ശോഭയോടുകൂടിയ അമ്മയും ശാങ്കരിയുമായ ദേവിയെ ഭജിക്കുക. കടാക്ഷത്താൽ ദാരിദ്ര്യം തുടങ്ങിയവ ഇല്ലാതാക്കുന്ന ദേവി സ്വസിംഹാസനത്തിൽ ശോഭിക്കുന്നു.

*പരമശിവാസ്ഥാനതലേ നിത്യം ഖേലനകൃതാദരം തേജഃ*
*തദ് രാജതേ മുനീനാം ഹൃദയേ നിഗമാന്തസൗധേ ച.* 158

പരമശിവന്റെ സന്നിധാനത്തിൽ നിത്യവും ആദരിയ്ക്കപ്പെടുന്നതായ ആ തേജസ്സ് മുനിമാരുടെ ഹൃദയത്തിലും വേദാന്തഗ്രന്ഥങ്ങളിലും ശോഭിക്കുന്നു.

*നിശ്ചലഭാവവൃതാം തന്നിശ്ചലരൂപം വിരാജതേ തേജഃ*
*ഹംസീവ മാനസേ മേ മഞ്ജുളഗതിദായിനീ സുദൃശാം.* 159

നിശ്ചലഭാവത്തെ കൈക്കൊണ്ടതും നല്ലതുമാത്രം കാണുന്ന സജ്ജനങ്ങൾക്ക് മനോഹരഗതിയെ അതായത് നല്ല ഉയർച്ചയെ തരുന്നതും നിശ്ചലസ്വഭാവത്തോടുകൂടിയതുമായ ഈ തേജസ്സ് എന്റെ മാനസത്തിൽ മാനസസരോവരത്തിൽ അരയന്നപ്പിടപോലെ ശോഭിക്കുന്നു.

*മാധുര്യം വചസി ഗതൗ ഗാംഭീര്യം നേത്രയോസ്തൈക്ഷ്ണ്യം*
*ശൈതല്യം ഹൃദി ച സദാ യത്ര ഹി ദൃശ്യം തദേവ ജനനീ നഃ.* 160

വാക്കിൽ മാധുര്യവും ഗമനത്തിൽ ഗാംഭീര്യവും ഹൃദയത്തിൽ ശീതളിമയും കൺകളിൽ തീക്ഷ്ണതയും എപ്പോഴും തോന്നുന്ന ആ രൂപമാണ് നമ്മുടെ അമ്മയായ ആ ദേവി.

*നിജശോഭാജിതകന്ദുകകുചയുഗളശ്രീജിതേശഹൃദയാ സാ*
*മനസി മമ സന്നിധത്താം ദത്താത്രേയാദിഭിർവന്ദ്യാ.* 161

തന്റെ മാറിടത്താൽ പരമശിവഹൃദയം ജയിച്ചവളും ദത്താത്രേയാദികളാൽ വന്ദിക്കപ്പെടുന്നവളുമായ ആ ദേവി എന്റെ മനസ്സിൽ സന്നിധാനം ചെയ്യട്ടെ.

*നിജമൗലിചന്ദ്രകിരണപ്രസാരണോ/പ്യുല്ലസത്സരോജയുഗം*
*ദധതീ ശ്രവണയോരേഷാ ചകാസ്തി ഹൃദയേ പരാ ദേവീ.* 162

സ്വന്തം ശിരസ്സിലുള്ള ചന്ദ്രന്റെ കിരണപ്രസാരണത്താൽ പ്രകാശി

തമായ രണ്ട് താമരകളെ ചെവികളിൽ ധരിച്ചിരിക്കുന്ന ഈ പരദേവത എന്റെ ഹൃദയത്തിൽ തിളങ്ങുന്നു.

*മുഖജിതതാരാനാഥാ മഖഭുഗ്ഗണസേവ്യചരണജലജാതാ*
*നഖകാന്തിപടലദംഭാദ് ഗതിജിതഹംസാവലീ വിഭാതു ഹൃദി.* 163

ചന്ദ്രനെ വെന്ന മുഖത്തോടുകൂടിയവളും ദേവഗണങ്ങളാൽ സേവിയ്ക്കപ്പെട്ട ചരണങ്ങളോടുകൂടിയവളും അരയന്നങ്ങളുടെ നടത്തത്തെ ജയിച്ച നഖകാന്തിയോടുകൂടിയവളുമായ ദേവി ഹൃദയത്തിൽ ശോഭിയ്ക്കട്ടെ.

*കവിതാഭാഗ്യവിധാത്രീ പരിമളസംക്രാന്തമധുപഗണകേശാ*
*മമ നയനയോഃ കദാ വാ സാ ദേവീ കലിതസന്നിധാനകലാ.* 164

കവിത്വം നല്കുന്നവളും വാസനാവശാത് വണ്ടിൻകൂട്ടം സംക്രമിച്ചിരിക്കുന്ന കേശങ്ങളോടുകൂടിയവളുമായ ദേവി എന്നാണാവോ എനിക്ക് കാണുമാറാകുക?

*ശശിഖണ്ഡവതംസശ്രീഃ പശുപതിഭാഗ്യം ച തത് തേജഃ*
*മമ നയനയോഃ കദാ വാ കർണേജപാ ലോചനം ദിവ്യം.* 165

ചന്ദ്രക്കലചൂടിയതും ശിവന്റെ ഭാഗ്യവും ദിവ്യചക്ഷുസ്സുകളോടുകൂടിയതുമായ ആ തേജസ്സ് എന്നാണാവോ എനിക്ക് കാണുമാറാകുക?

*തത് തേജഃ ശാശ്വതമിഹ സാമാന്യം ഭൂനിവാസകൃതാം*
*ദ്യുസദാമപി ജയതി കൃതാദരം തദസ്തു ശ്രിയൈ കാലേ.* 166

സർവ്വരാലും ആദരിയ്ക്കപ്പെട്ട ആ തേജസ്സ് സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു. ആ തേജസ്സ് മനുഷ്യർക്കും ദേവന്മാർക്കും ഐശ്വര്യത്തിനായി ഭവിയ്ക്കട്ടെ.

*ശതമഖനീലമണീനാം പ്രഭാവിസാരപ്രലോഭതനുകന്ത്യാ*
*ശ്രുതിമൗലിസൗധദീപശ്രിയാ തയാ നാഥവാനഹം കാലേ.* 167

ഇന്ദ്രനീലക്കല്ലിന് ശോഭയെ നല്കുന്ന ശരീരകാന്തിയോടുകൂടിയവളും വേദശിരസ്സിലെ ഐശ്വര്യമായവളുമായ ദേവിയാൽ ഞാൻ നാഥനാകുന്നു.

*കവികുലസൂക്തിശ്രേണീശ്രവണാനന്ദോല്ലസദ്വതംസസുമാ*
*സാ ദേവീ മമ ഹൃദയേ കൃതസാന്നിധ്യാ കൃതത്രാണാ.* 168

കവികളുടെ സൂക്തികളുടെ ശ്രവണംകൊണ്ട് ആനന്ദിച്ചവളും സദാ എന്റെ ഹൃദയത്തിൽ സാന്നിദ്ധ്യം ചെയ്യുന്നവളും രക്ഷിക്കുന്നവളുമായ ആ ദേവി സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.

*പൃഷ്ഠേഷ്വാഗമസാരാ പുരഭിന്മാനസവിഭേദിനിജകേളിഃ*
*വിശ്വവിമോഹനമൂർത്തിഃ സാ ദേവീ ശാങ്കരീ ജയതി.* 169

വേദസാരവും ശിവമനസ്സിനെ ഇളക്കിയ ലീലയോടുകൂടിയവളും ലോകത്തെ മോഹിപ്പിക്കുന്ന മൂർത്തിയുമായ ആ ശിവപത്നിയായ ദേവി സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു.

*കാശീകാഞ്ച്യാദിതടസ്ഥിരാസനാ മേഖലാഭിരാമകടിഃ*
*മുഗ്ധസ്മേരമുഖീ സാ യാ ഗൗരീ സമ്പദാം ജനനീ.* 170

കാശി, കാഞ്ചി തുടങ്ങിയവയുടെ നദീതീരങ്ങളിൽ സ്ഥിരമായി വസിക്കുന്നവളും മേഖലയാൽ ശോഭിക്കുന്ന അരക്കെട്ടോടുകൂടിയവളും പുഞ്ചിരിതൂകുന്ന മുഖത്തോടുകൂടിയവളുമായ യാതൊരു ഗൗരിയുണ്ടോ ആ ദേവി സമ്പത്തിന്റെ ജനനിയാണ്.

*മുഖവിചിതചന്ദ്രമണ്ഡലമിദമംഭോരുഹവിലോചനം തേജഃ*
*ധ്യാനേ ജപേ ച ജപതാം ചകാസ്തി ഹൃദയേ കവീശ്വരാണാം ച.* 171

ചന്ദ്രമണ്ഡലത്തെ ജയിച്ച മുഖത്തോടുകൂടിയതും താമരദളസദൃശമായ കൺകളോടുകൂടിയതുമായ ഈ തേജസ്സ് ജപിയ്ക്കുന്ന കവീശ്വരന്മാരുടെ ഹൃദയത്തിൽ ശോഭിക്കുന്നു.

*മഞ്ജുളകവിതാസന്തതിബീജാങ്കുരദായിനീ രസാലോകാഃ*
*ജനനി തവാപാങ്ഗശ്രീർജയതി ജഗത്ത്രാണകലിതദീക്ഷേയം.* 172

മനോഹരമായ കവിതകൾക്ക് ബീജാവാപം ചെയ്യുന്നവളും ലോകരക്ഷയെ ദീക്ഷയായി സ്വീകരിച്ചവളുമായ ഹേ അമ്മേ നിന്റെ കടക്കണ്ണുകളാകുന്ന ഐശ്വര്യം സർവ്വോൽക്കർഷേണ ജയിയ്ക്കുന്നു.

*അംബ തവാപാങ്ഗശ്രീരപാങ്ഗകേളീശതാനി ജനയന്തീ*
*പുരഹന്തുർഹൃദി ജയതി വ്രീഡാമദമോഹകാമസാരകരീ.* 173

കടക്കൺലീലാവിലാസങ്ങളെ ജനിപ്പിക്കുന്നതും ലജ്ജ, മദം, മോഹം, ആഗ്രഹം എന്നിവയെ ഉണ്ടാക്കുന്നതുമായ അങ്ങയുടെ ഐശ്വര്യമത്തായ കടക്കൺ ശിവഹൃദയത്തിൽ സർവ്വോൽക്കർഷേണ ജയിയ്ക്കുന്നു.

*ദിനകരസുതാതരംഗാവലിശോഭാകൃതകചാകചിശ്രീശ്ച*
*ശശിഖണ്ഡവതംസശിരാഃ സാ ദേവീ ശരണമർത്ഥിനാം പരമം.* 174

താമരപ്പൂക്കളുടെ ശോഭയുടെ തരംഗത്തെ പിന്നിലാക്കുന്ന ശോഭയോടുകൂടിയവളും ചന്ദ്രക്കലാധാരിണിയുമായ ആ ദേവീ പ്രാർത്ഥിയ്ക്കുന്നവർക്ക് പരമമായ ശരണമാകുന്നു.

*കളകളനിനദത്കാഞ്ചീ കാഞ്ച്യാദിതലസ്ഥിരാസനാ ദേവീ*
*പുരഹരഭൂഷണമൂർത്തിഃ സാ ദേവീ ശരണമസ്മാകം.* 175

മധുരസ്വരം ഉണ്ടാക്കുന്ന കാഞ്ചീയോടുകൂടിയവളും കഞ്ചീ തുടങ്ങിയ സ്ഥാനങ്ങളിൽ സ്ഥിരമായി വസിക്കുന്നവളും ശിവന് അലങ്കാരമായിട്ടുള്ള വളുമായ ആ ദേവി നമുക്ക് ശരണമാകുന്നു.

*പുരഹരസഹധർമ്മചരീ കചഭാരലസന്നിശീഥിനീശകലാം*
*കവികുലമാന്യചരിത്രാം പവിത്രിതക്ഷോണിഭൃത്കുലാം വന്ദേ.* 176

ശിവസഹധർമ്മിണിയും ശിരസ്സിൽ ചന്ദ്രക്കല ധരിച്ചിരിക്കുന്നവളും കവികുലത്തിൽ മാന്യമായ ചരിത്രമുള്ളവളും ഹിമവൽപുത്രിയുമായ ദേവി യെ ഞാൻ വന്ദിക്കുന്നു.

*ഭക്തജനാവലികഥിതസ്തുതിശതദത്താദരാമിമാം ദേവീം*
*സരസകവനപ്രദാത്രീം ഭൂഷിതശിവവാമഭാഗരേഖാന്താം.* 177

ഭക്തജനങ്ങളുടെ നൂറുകണക്കിന് സ്തുതികളാൽ ആദരിയ്ക്കപ്പെട്ടവളും സരസകവിതകൾക്ക് പ്രചോദനിയും ശിവന്റെ വാമഭാഗയുമായ ദേവിയെ നമിക്കുന്നു.

*മംഗളമൂർത്തിം കിന്നരകീർത്തിതനിജകീർതിവല്ലരീം ജനനീം*
*മൂർത്തിമതീം കാമകലാം ശംഭോരംഭോജലോചനാം നൗമി.* 178

മംഗളമൂർത്തിയും കിന്നരന്മാരാൽ കീർത്തിതമായ സ്വകീർത്തികളോ ടുകൂടിയവളും രൂപത്തോടുകൂടിയവളും കാമകലയോടുകൂടിയവളും ശിവന്റെ പ്രേയസ്സിയുമായ അമ്മയെ നമിക്കുന്നു.

*ജിതമന്മഥമാരകലാദാത്രീം ശിവഗാത്രദിവ്യഭൂഷാം താം*
*ത്രിജഗത്സുഖജനയിത്രീമംബാമംബുദമനോജനതനമൂർതിം.* 179

ശിവന് കലയെ കൊടുത്തവളും ശിവശരീരത്തിലെ ദിവ്യാഭരണമായി ട്ടുള്ളവളും മൂന്നുലോകങ്ങൾക്കും സുഖം നല്കുന്നവൾക്കും താമരസദൃശമായ മനോഹരശരീരത്തോടുകൂടിയവളുമായ അമ്മയെ വന്ദിക്കുന്നു.

*ഖണ്ഡിതസുരവൈരിഗണാം ചണ്ഡകരാദ്യൈഃ സുരൈശ്ച നതസദനാം*
*മണ്ഡിതപുരഹരദേഹാം താണ്ഡവിനഃ സർവ്വമംഗളാം ദേവീം.* 180

അസുരസമൂഹത്തെ നശിപ്പിച്ചവളും ചണ്ഡകരൻ തുടങ്ങിയ ദേവന്മാ രാൽ നമിയ്ക്കപ്പെട്ടവളും ത്രിപുരങ്ങളെ നശിപ്പിച്ച ശിവന്റെ ശരീരത്തിന് ഭൂഷണമായിട്ടുള്ളവളും സർവ്വമംഗളയുമായ ദേവിയെ നമിക്കുന്നു.

*നിജലോചനകൃതസമ്പദമജകമലേക്ഷണശചീശസുരവന്ദ്യാം*
*ഭജനകൃദന്തർജ്യോതിഷമജതനയാദ്യൈശ്ച നിത്യസേവ്യകലാം.* 181

ദൃഷ്ടികൊണ്ട് സമ്പത്ത് പ്രദാനം ചെയ്യുന്നവളും ശചീദേവിയുടെ പതിയായ ദേവേന്ദ്രനാൽ വന്ദിയ്ക്കപ്പെട്ടവളും മറ്റു ദേവന്മാരാൽ നിത്യം സേവിയ്ക്കപ്പെട്ടവളുമായ ദേവിയെ നമിക്കുന്നു.

*ഭരിതഭുവനാമപർണാം സരിദ്ദുരുവീചീവിലോളിതാത്മകചാം*
*ഗിരിശകൃതനിത്യലീലാം വരിവസ്യാദാനതുഷ്ടനിജഹൃദയാം.* 182

ലോകം മുഴുവൻ നിറഞ്ഞ്, നില്ക്കുന്നവളും നദീജലതിരമാലകളാൽ തരംഗിതമാകുന്ന മുടിയിഴകളോടുകൂടിയവളും ശിവനുമായുള്ള ലീലയിൽ നിത്യം മുഴുകിയിരിക്കുന്നവളും പൂജയാൽ സന്തുഷ്ടഹൃദയയുമായ ദേവിയെ നമിക്കുന്നു.

*ജനനതനിത്യവിഭൂതിം കനദുരുഭൂഷാവലീലസിതദേഹാം*
*മനസാപ്യഗണ്യതത്ത്വാം വനവാസിധ്യാനഗോചരാത്മകലാം.* 183

ഭക്തജനങ്ങളാൽ നമിയ്ക്കപ്പെട്ട നിത്യവിഭൂതിയോടുകൂടിയവളും സ്വർണ്ണഭൂഷിത ദേഹത്തോടുകൂടിയവളും മനസ്സുകൊണ്ടുപോലും ചിന്തിയ്ക്കാൻ പറ്റാത്തവിധമുള്ള തത്ത്വങ്ങളോടുകൂടിയവളും ഏകാന്തധ്യാനത്താൽ കാണപ്പെടുന്നവളുമായ ദേവിയെ നമിക്കുന്നു.

*നീലാംബുജകാന്തിമുഷം ബാലാർകഭാത്മകർണപൂരവതീം*
*മാലാലംകൃതകണ്ഠാം ബാലാം സ്കന്ദസ്യ മാതരം വന്ദേ.* 184

ബാലസൂര്യശോഭയോടുകൂടിയ കർണ്ണാഭരണം ധരിച്ചവളും മാലയാൽ അലങ്കൃതമായ കഴുത്തോടുകൂടിയവളും ബാലയും സുബ്രഹ്മണ്യമാതാവുമായ ദേവിയെ വന്ദിയ്ക്കുന്നു.

*ശരണാഗതജനരക്ഷണകൃതദീക്ഷാവീക്ഷണേന ജിതശംഭുഃ*
*കുലഭൂധരവരതപസാം പരിപാകഃ കോഽപി വിജയതേ ലോകേ.* 185

ശരണം പ്രാപിച്ചവരെ രക്ഷിക്കുന്നതിലുള്ള സാമർത്ഥ്യത്താൽ ശംഭുവിനെ ജയിച്ച ഹിമവാന്റെ തപസ്സിന്റെ ഫലമായ അവാച്യമായ എന്തോ ഒന്ന് ലോകത്ത് സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

*കുസുമശരമഥനമനസാപ്യാദരണീയാത്മകാമകേളിരിയം*
*ജനനീ കല്യാണതതിം ഭജതാം നഃ സാദരാത് തരംഗയതി.* 186

കാമദേവൻ മനസ്സാൽ ആദരണീയമായ ആഗ്രഹങ്ങളുടെ കേളീരംഗമായ ഈ ജനനി ആദരവോടെ ഭജിയ്ക്കുന്ന നമുക്ക് സർവ്വവിധ മംഗളം

നല്കുന്നു.

*മത്തഗജമാന്യഗമനാ മധുരാലാപാ ച മാന്യചരിതാ സാ*
*മന്ദസ്മേരമുഖാബ്ജാ ഗൗരീ മമ ഹൃദയസാരസേ ലസതു.* 187

മദയാനകളുടെ പോലെയുള്ള നടത്തമുള്ളവളും മധുരമായി ആലപിയ്ക്കുന്നവളും ബഹുമാന്യമായ ചരിത്രമുള്ളവളും പുഞ്ചിരിതൂകുന്ന സുന്ദരമുഖമുള്ളവളുമായ ഗൗരി എന്റെ മാനസത്തിൽ ശോഭിയ്ക്കട്ടെ.

*പുരഹരനേത്രമഹോത്സവതാരുണ്യശ്രീർനിരസ്തനതശത്രുഃ*
*ലളിതലികുചാഭകുചഭരയുഗളാ ദൃഗ്വിജിതഹരിണസംദോഹാ.* 188

ശിവനേത്രങ്ങൾക്ക് സന്തോഷം നല്കുന്ന യുവശ്രീത്വമുള്ളവളും പരാജിതരായ ശത്രുക്കളാൽ നമിയ്ക്കപ്പെട്ടവളും മാറിടശോഭയാലും ഭാരത്താലും ശോഭിക്കുന്നവളും മാൻപേടകളുടെ കണ്ണുകളെ ജയിച്ചവളുമായ ദേവി എപ്പോഴും എന്നിൽ തെളിയട്ടെ.

*കാരുണ്യപൂർണനയനാ കലികല്മഷഹാരിണി ച സാ ഗൗരീ*
*മുഖജിതശാരദകമലാ വക്ത്രാംഭോജേ സദാ സ്ഫുരതു കാലേ.* 189

കാരുണ്യപൂർണ്ണമായ നേത്രമുള്ളവളും കലികാലപാപങ്ങൾ ഇല്ലാതാക്കുന്നവളും താമരയെ ജയിച്ച മുഖമുള്ളവളുമായ ദേവി സമയാസമയം സദാ എനിക്ക് കാണുമാറാകട്ടെ.

*ശൂലിമനോരഥപാത്രം സംതപ്തസ്വർണകാമ്യനിജഗാത്രം*
*ആശ്രിതഹിമവദ്ഗോത്രം രക്ഷിതനതബാഹുജച്ഛാത്രം.* 190

ശിവന്റെ മനോരഥമായതും ചുട്ടസ്വർണ്ണനിറമാർന്ന ശരീരമുള്ളതും ആശ്രിതരെ കുളിർമയേകി രക്ഷിക്കുന്നവളും നമിക്കുന്നവരെ കൈകളാൽ മറച്ച് രക്ഷിക്കുന്നവളുമായ ആ ദേവീരൂപമായ തേജസ്സിനെ നമിക്കുന്നു.

*കവികുലജിഹ്വാലോലം ശശിശേഖരകലിതരമ്യബഹുലീലം*
*നിരസിതനതദുഷ്കാലം വന്ദേ തേജഃ സദാളിനുതശീലം.* 191

കവികളുടെ കവിത്വമായി ഭവിക്കുന്നതും ശശിശേഖരനായ ശിവന്റെ രമണീയലീലകളിൽ മുഴുകിയതും നമിയ്ക്കുന്നവരുടെ കഷ്ടകാലത്തെ ഇല്ലാതാക്കുന്നതുമായ ആ തേജസ്സിനെ നമിക്കുന്നു.

*കമലസുഷമാനിവാസസ്ഥാനകടാക്ഷം ചിരായ കൃതരക്ഷം*
*രക്ഷോഗണഭീതികരം തേജോ ഭാതി പ്രകാമമിഹ മനസി.* 192

ലക്ഷ്മീദേവി കടാക്ഷമായതും വളരെക്കാലമായി ഭക്തജനരക്ഷ ചെ

യ്തുകൊണ്ടിരിക്കുന്നതും രക്ഷോഗണങ്ങൾക്ക് ഭീതി ഉണ്ടാക്കുന്നതുമായ തേജസ്സാകുന്ന ഈ ദേവി എന്റെ മനസ്സിൽ അത്യന്തം ശോഭിക്കുന്നു.

*കുമുദവനീശക്രീഡാസ്ഥാനായിതകേശഭാരായൈ*
*നമ ഉക്തിരസ്തു മാത്രേ വാഗ്ജിതപീയൂഷധാരായൈ.* 193

ആമ്പലിന്റെ ഈശനായ ചന്ദ്രന്റെ ക്രീഡാസ്ഥാനമാക്കിയ കേശഭാരത്തോടുകൂടിയവളും വാഗ്ദേവിയെപോലും ജയിച്ച അമൃതപ്രവാഹത്തോടുകൂടിയവളുമായ ഈ അമ്മയ്ക്ക് നമസ്കാരം. ഈ വാക്കുകളും സമർപ്പിക്കുന്നു.

*ബാലകുരങ്ഗവിലോചനധാടീരക്ഷിതസുരാദിമനുജാന്തം*
*നയനയുഗാസേവ്യം തദ് ഭാതീഹ ധരാതലേ നിയതം.* 194

മാൻപേടാനയനതുല്യമായ കടാക്ഷത്താൽ ദേവിമാർ മുതൽ മനുഷ്യർ വരെയുള്ളവരെ രക്ഷിക്കുന്നതും ഭക്തജന നേത്രങ്ങളാൽ സേവിയ്ക്കപ്പെടുന്നതുമായ തേജസ്സ് ഭൂമിയിൽ ശോഭിക്കുന്നു.

*കുശലവിധയേ തദസ്തു പ്രസൂനവിശിഖാരികൃതലീലം*
*കബലിതപദ്മനതദൈന്യം തരുണാംബുദമേചകം ധാമ.* 195

കാമാരിയായ ശിവന്റെ ലീലയായതും കമലശോഭസദൃശമായതുമായ ആ തേജസ്സ് സാമർത്ഥ്യത്തോടെ പ്രവൃത്തിചെയ്യാനായി ഭവിയ്ക്കട്ടെ.

*ജനനി കദാ വാ നേഷ്യാമ്യഹമാരാദർചിതത്വദീയപദഃ*
*നിമിഷമിവ ഹന്ത ദിവസാൻ ദൃഷ്ട്വാ ത്വാമാദരേണ കല്യാണീം.* 196

ആദരപൂർവ്വം കല്യാണിയായ ദേവിയെ കണ്ടിട്ട് ഓരോ നിമിഷം എന്നവണ്ണം ദിവസങ്ങളെ അവിടുത്തെ പാദങ്ങളിലേയ്ക്ക് ഞാൻ കൊണ്ടുപോകുന്നു. ദിവസങ്ങളെല്ലാം ഓരോ നിമിഷമായിട്ടേ തോന്നുകയുള്ളൂ. ആ വിധമായി എന്ന് എനിക്ക് അനുഭവിയ്ക്കാൻ സാധിക്കും.

*കവിവാഗ്വാസന്തീനാം വസന്തലക്ഷ്മീഃ പുരാരിദയിതാ നഃ*
*പരമാം മുദം വിധത്തേ കാലേ കാലേ മഹാഭൂത്യൈ.* 197

കവിവാഗ്വിലാസമുള്ളവരുടെ ലക്ഷ്മിയായിട്ടുള്ള ശിവഭാര്യയായ ദേവി ഐശ്വര്യപ്രാപ്തിയ്ക്കായി സമയാസമയം പരമമായ സന്തോഷം നല്കുന്നു.

*ത്രിഭുവനസുന്ദരരൂപം തേജസ്തദ് ഭക്തിതഃ സമഭ്യർച്യ*
*ഗരുഡേന യാതി കുതുകാദഥവാ ഹംസേന സുരസേവ്യഃ.* 198

ദേവന്മാരാൽ സേവിയ്ക്കപ്പെടുന്ന ബ്രഹ്മാവും വിഷ്ണുവും ത്രിഭുവനങ്ങളിൽ വച്ച് സുന്ദരരൂപമായ ആ തേജസ്സിനെ അർച്ചിച്ച് കുതുഹലംപൂണ്ട് ഗരുഡ

നിലും അരയന്നത്തിലുമായി പോകുന്നു.

*തവ പദപദ്മേ ഭക്തിർന മേ തഥാപി ത്വദീയകൃപയാഹം*
*ധ്യായാമ്യന്വഹമംബ ത്വാമാരാദാദരാത് സിദ്ധ്യൈ.* 199

അങ്ങയുടെ പാദപദ്മങ്ങളിൽ അത്രകണ്ട് ഭക്തിയില്ലെങ്കിലും അവിടുത്തെ കൃപയാൽ ഞാൻ ദിവസവും ആദരപൂർവ്വം സിദ്ധിയ്ക്കുവേണ്ടി അമ്മേ ദേവിയെ ധ്യാനിക്കുന്നു.

*യോ ദേവ്യാഃ പദസരസിജനതിഭാക് തസ്യേഹ സിദ്ധ്യന്തി*
*സ്ഥിരവിഭൂതാ സത്സങ്ഗഃ സായൂജ്യം ചാപി കാലേന.* 200

യാതൊരാളാണോ ദേവിപാദപദ്മങ്ങളെ സേവിയ്ക്കുന്നത് ഐശ്വര്യവും സദ്സംഗവും സായൂജ്യവും അവർക്ക് ലഭിക്കും.

## സംസ്കൃതപഠനം - 29

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ സപ്തമീവിഭക്തിരൂപം ഉപയോഗിച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതുക എന്ന അഭ്യാസത്തിലെ ഉത്തരം താഴെ കൊടുക്കുന്നു. കഴിഞ്ഞലക്കം പുസ്തകം നോക്കി ശരിയായി അഭ്യാസം ചെയ്തിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തുക.

1. कृषकः ग्रामे वसन्ति।
2. ग्रामीणाः कूपे स्नान्ति।
3. गजाः गजशालायां तिष्ठन्ति।
4. लोकसभा दिल्ल्यां प्रवर्तते।
5. पक्षिणः नीडे निवसन्ति।

ചോദ്യനിർമ്മാണത്തിന് തന്നിരുന്നവയുടെ ശരിയുത്തരങ്ങൾ ആത്മവിശകലനത്തിനായി താഴെ നല്കുന്നു.

1. अध्यापकः कुत्र उपविशन्ति?।
2. मीनाः कुत्र जीवन्ति?।
3. शिशुः कुत्र शेते?।

4. विग्रहः कुत्र अस्ति?।
5. पुष्पाणि कुत्र विकसन्ति?।

കഴിഞ്ഞ ലക്കത്തിൽ അഭ്യാസത്തിനായി തന്നിരുന്ന മലയാളത്തിലേയ്ക്ക് വിവർത്തനം ചോദ്യങ്ങൾക്കുള്ള ഉത്തരം എന്നിവ സ്വയം വിലയിരുത്തലിനായി നോക്കുക.

## വിവർത്തനം

ഇവൻ ആൺകാക്കയാകുന്നു. അവൻ വൃക്ഷക്കൊമ്പിലിരിക്കുന്നു. അവൻ പകൽ ആകാശത്തിൽ പറക്കുന്നു. രാത്രിയിൽ അവൻ കൂട്ടിൽ വസിക്കുന്നു. പക്ഷികൾ വൃക്ഷക്കൊമ്പുകളിൽ കൂടുകൾ ഉണ്ടാക്കുന്നു. അവൻ കുയിലിന്റെ കൂട്ടിൽ സ്വന്തം മുട്ടകൾ നിക്ഷേപിക്കുന്നു.

## ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. काकः वृक्षस्य शाखायाम् उपविशन्ति।
2. काकः आकाशे डयते।
3. रात्रौ काकः नीडे वसति।
4. पक्षिणः वृक्षाणां शाखासु नीडानि रचयन्ति।
5. काकः पिकस्य नीडे स्वस्य अण्डानि निक्षिपन्ति।

കഴിഞ്ഞ ലക്കത്തിൽ വിവർത്തനം ചെയ്യാൻ കൊടുത്തിരുന്ന വാക്യങ്ങൾ വിവർത്തനം ചെയ്തത് താഴെ കൊടുക്കുന്നു.

1. രാമൻ കളിക്കുന്നു. रामः क्रीडति।
2. രാധയും കളിക്കുന്നു. राधा अपि क्रीडति।
3. ഞാൻ രാമനാകുന്നു. अहं रामः अस्मि।
4. ഞാൻ കളിക്കുന്നു. अहं क्रीडामि।
5. നീ രാധയാകുന്നു. त्वं राधा असि।
6. നീ കളിക്കുന്നു. त्वं क्रीडसि।
7. ഗണേശൻ പഠിക്കുന്നു. गणेशः पठति।
8. ഞാനും പഠിക്കുന്നു. अहम् अपि पठामि।

9. രാമൻ എന്തു ചെയ്യുന്നു. रामः किं करोति।

10. രാമൻ കളിയ്ക്കുന്നു. रामः क्रीडति।

11. നീ എന്തു ചെയ്യുന്നു? त्वं किं करोषि?

12. ഞാൻ പഠിയ്ക്കുന്നു. अहं पठामि।

13. ഞാൻ രാധാ. अहं राधा।

14. ഞാൻ എന്തു ചെയ്യുന്നു. अहं किं करोमि?

15. നീ എന്തു ചെയ്യുന്നു? त्वं किं करोषि?

16. ഫലം മധുരമാകുന്നു. फलं मधुरम् अस्ति।

17. ഫലം വീഴുന്നു. फलं पतति।

കഴിഞ്ഞ ലക്കം ആയപ്പോൾ ഏഴു വിഭക്തികളുടെ പ്രയോഗങ്ങൾ സാമാന്യമായി പരിചയപ്പെട്ടു.

ഏഴു വിഭക്തികളുടെ പ്രയോഗം ഒന്നിച്ചുവരുന്ന ഒരു പഴയ ശ്ലോകം നമുക്കിവിടെ അനുസ്മരിയ്ക്കാം.

'കൃഷ്ണോ രക്ഷതു മാം ചരാചരഗുരുഃ കൃഷ്ണം നമസ്യാമ്യഹം സദാ
കൃഷ്ണേനൈവ സുരക്ഷിതോഹമസകൃത് കൃഷ്ണായ ദത്തം മനഃ
കൃഷ്ണാദേവ സമുദ്ഭവോ മമ വിഭോ കൃഷ്ണസ്യ ദാസോസ്മ്യഹം
കൃഷ്ണേ ഭക്തിരചഞ്ചലാസ്തു ഭഗവൻ ഹേ കൃഷ്ണ തുഭ്യം നമഃ.'

| | |
|---|---|
| പ്രഥമാവിഭക്തി | *കൃഷ്ണഃ* മാം രക്ഷതു.<br>*കൃഷ്ണൻ* എന്നെ രക്ഷിക്കട്ടെ. |
| ദ്വിതീയാവിഭക്തി | അഹം *കൃഷ്ണം* സദാ നമസ്യാമി.<br>ഞാൻ *കൃഷ്ണനെ* സദാ നമിക്കുന്നു. |
| തൃതീയാവിഭക്തി | *കൃഷ്ണേന ഏവ* അഹം അസകൃത് സുരക്ഷിതഃ<br>*കൃഷ്ണനാൽതന്നെ* ഞാൻ എപ്പോഴും സുരക്ഷിതനാകുന്നു. |
| ചതുർത്ഥീവിഭക്തി | *കൃഷ്ണായ* മനഃ ദത്തം<br>*കൃഷ്ണനായിക്കൊണ്ട്* മനസ്സ് നല്കപ്പെട്ടു. |

| | |
|---|---|
| പഞ്ചമീവിഭക്തി | *കൃഷ്ണാത് ഏവ* മമ സമുദ്ഭവഃ<br>*കൃഷ്ണനിൽനിന്നുതന്നെ* എന്റെ ഉദ്ഭവം. |
| ഷഷ്ഠീവിഭക്തി | അഹം *കൃഷ്ണസ്യ* ദാസഃ അസ്മി<br>ഞാൻ *കൃഷ്ണന്റെ* ദാസനാകുന്നു. |
| സപ്തമീവിഭക്തി | *കൃഷ്ണേ* ഭക്തിഃ അചഞ്ചലാ അസ്തു<br>*കൃഷ്ണനിൽ* ഭക്തി അചഞ്ചമായിരിക്കട്ടെ. |
| സംബോധന പ്രഥമാ | *ഹേ ഭഗവൻ കൃഷ്ണ* തുഭ്യം നമഃ<br>*അല്ലയോ ഭഗവാനേ കൃഷ്ണ* നിനക്ക് നമസ്കാരം. |

ക്രിയാപദങ്ങളുടെ പ്രാർത്ഥനാരൂപങ്ങൾ പഠിക്കാം. ഓരോ വർത്തമാനക്രിയയുടെയും പ്രാർത്ഥനാരൂപം താഴെ ചേർക്കാം.

| വർത്തമാനകാലക്രിയാരൂപം | പ്രാർത്ഥനാരൂപം |
|---|---|
| ലട് | ലോട് |
| ഭവതി = ആകുന്നു | ഭവതു = ആകു, ആകട്ടെ |
| ക്രീഡതി = കളിക്കുന്നു | ക്രീഡതു = കളിക്കട്ടെ, കളിക്കു |
| പഠതി = പഠിക്കുന്നു | പഠതു =പഠിക്കു, പഠിക്കട്ടെ |
| ലിഖതി = എഴുതുന്നു | ലിഖതു = എഴുതു, എഴുതട്ടെ |
| വദതി = പറയുന്നു | വദതു = പറയൂ, പറയട്ടെ |
| പശ്യതി = നോക്കുന്നു | പശ്യതു = നോക്കു, നോക്കട്ടെ |
| നമതി = നമിക്കുന്നു | നമതു = നമിക്കു, നമിക്കട്ടെ |
| ഗച്ഛതി = പോകുന്നു | ഗച്ഛതു = പോകു, പോകട്ടെ |
| ആഗച്ഛതി = വരുന്നു | ആഗച്ഛതു = വരു, വരട്ടെ |
| ധവതി = ഓടുന്നു | ധവതു = ഓടു, ഓടട്ടെ |

| | |
|---|---|
| ഗായതി = പാടുന്നു | ഗായതു = പാടൂ, പാടട്ടെ |

ഈ ക്രിയാപദങ്ങൾ വാക്യത്തിൽ പ്രയോഗിക്കുന്നത് നോക്കുക.

भवान् समर्थः भवतु - താങ്കൾ സമർത്ഥനാകൂ.

बालः क्रीडतु - ബാലൻ കളിക്കട്ടെ, കളിക്കൂ

ഇപ്രകാരം മുകളിൽ എഴുതിയ എല്ലാ ക്രിയാപദങ്ങളുടെയും പ്രാർത്ഥനാരൂപങ്ങളുടെ പ്രയോഗം മനസ്സിലാക്കണം. താഴെ കൊടുക്കുന്ന സംഭാഷണങ്ങൾ നോക്കുക.

अध्यापकः - कः क्रीडाङ्कणे क्रीडति?
ആരു് കളിസ്ഥലത്ത് കളിക്കുന്നു.

छात्राः - कोऽपि न क्रीडति।
ആരും കളിക്കുന്നില്ല.

अध्यापकः (സുരേഷിനോട്) - भवान् क्रीडतु।
ഭവാൻ കളിക്കൂ.

अध्यापकः - कः संस्कृतगीतं पठति?
ആരു് സംസ്കൃതഗീതം പഠിക്കുന്നു.

छात्राः - न, न। (ഇല്ല, ഇല്ല)

अध्यापकः - मनोजः संस्कृतगीतं पठतु।
മനോജ് സംസ്കൃതഗീതം പഠിക്കൂ.

താഴെ ഉദാഹരണവാക്യങ്ങൾ കൊടുക്കുന്നു.

भवान् आचार्यं नमतु - താങ്കൽ ആചാര്യനെ നമിക്കൂ.

भवती सत्यं वदतु - താങ്കൾ സത്യം പറയൂ.

वन्दना संस्कृतपाठं लिखतु - വന്ദന സംസ്കൃതപാഠം എഴുതൂ.

रमेशः चलच्चित्रं पश्यतु - രമേശൻ ചലച്ചിത്രം കാണൂ.

ഇതുപോലെ മറ്റു ക്രിയാപദങ്ങൾ വാക്യത്തിൽ പ്രയോഗിച്ചു നോക്കുക.

വർത്തമാനകാലക്രിയയ്ക്ക് മൂന്നു വചനങ്ങളിലും മൂന്നു പുരുഷനിലും ഒമ്പതു രൂപങ്ങൾ ഉള്ളതുപോലെ ഇതിലും ഒമ്പതുരൂപങ്ങൾ ഉണ്ട്. താഴെപ്പറയുന്ന പ്രകാരം കർത്താവ് മാറുന്നതിനനുസരിച്ച് ക്രിയയിലുള്ള രൂപമാറ്റം ശ്രദ്ധിയ്ക്കുക.

छात्रः पठतु - വിദ്യാർത്ഥി പഠിയ്ക്കു അഥവാ പഠിയ്ക്കട്ടെ.

छात्रौ पठताम् - വിദ്യാർത്ഥികൾ പഠിയ്ക്കട്ടെ.

छात्राः पठन्तु - വിദ്യാർത്ഥികൾ പഠിയ്ക്കട്ടെ.

त्वं पठ - നീ പഠിയ്ക്കു അഥവാ പഠിയ്ക്കട്ടെ.

युवां पठतं - നിങ്ങളിരുവരും പഠിയ്ക്കട്ടെ.

यूयं पठत - നിങ്ങൾ പഠിയ്ക്കട്ടെ.

अहं पठामि - ഞാൻ പഠിയ്ക്കട്ടെ.

आवां पठाव - ഞങ്ങളിരുവരും പഠിയ്ക്കട്ടെ.

वयं पठाम - ഞങ്ങൾ പഠിയ്ക്കട്ടെ.

ഈ രൂപങ്ങളെ പട്ടികാരൂപത്തിൽ താഴെ എഴുതാം

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | पठतु/पठतात् | पठतां | पठन्तु |
| മദ്ധ്യമ പുരുഷൻ | पठ/पठतात् | पठतं | पठत |
| ഉത്തമ പുരുഷൻ | पठानि | पठाव | पठाम |

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | लिखतु/लिखतात् | लिखतां | लिखन्तु |
| മദ്ധ്യമ പുരുഷൻ | लिख/लिखतात् | लिखतं | लिखत |
| ഉത്തമ പുരുഷൻ | लिखानि | लिखाव | लिखाम |

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | पश्यतु/पश्यतात् | पश्यतां | पश्यन्तु |
| മദ്ധ്യമ പുരുഷൻ | पश्य/पश्यतात् | पश्यतं | पश्यत |
| ഉത്തമ പുരുഷൻ | पश्यानि | पश्याव | पश्याम |

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | नमतु/नमतात् | नमतां | नमन्तु |
| മദ്ധ്യമ പുരുഷൻ | नम/नमतात् | नमतं | नमत |
| ഉത്തമ പുരുഷൻ | नमानि | नमाव | नमाम |

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | गच्छतु/गच्छतात् | गच्छतां | गच्छन्तु |
| മദ്ധ്യമ പുരുഷൻ | गच्छ/गच्छतात् | गच्छतं | गच्छत |
| ഉത്തമ പുരുഷൻ | गच्छानि | गच्छाव | गच्छाम |

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | गायतु/गायतात् | गायतां | गायन्तु |
| മദ്ധ്യമ പുരുഷൻ | गाय/गायतात् | गायतं | गायत |
| ഉത്തമ പുരുഷൻ | गायानि | गायाव | गायाम |

## അഭ്യാസം

താഴെ കൊടുക്കുന്ന വാക്യങ്ങളിൽ തന്നിരിക്കുന്ന വർത്തമാനകാല ക്രിയാരൂപം മാറ്റി പകരം പ്രാർത്ഥനാരൂപമെഴുതി വാക്യങ്ങളെഴുതുക.

ഉദാഹരണം : भवान् गायति - भवान् गायतु।

1. हरिणः धावति - മാൻ ഓടുന്നു.
2. यानं गच्छति - വണ്ടി പോകുന്നു.
3. रामः वृक्षम् आरोहति - രാമൻ മരം കയറുന്നു.

4. त्वम् आलस्यं त्यजसि - നീ ആലസ്യം വെടിയുന്നു.
5. बालाः क्रीडन्ति - ആൺകുട്ടികൾ കളിക്കുന്നു.
6. अहं जलं पिबामि - ഞാൻ വെള്ളം കുടിയ്ക്കുന്നു.
7. वयं खादमः - ഞങ്ങൾ കഴിയ്ക്കുന്നു.
8. यूयं नृत्यथ - നിങ്ങൾ നൃത്തം ചെയ്യുന്നു.
9. गायकौ आलपतः - രണ്ട് ഗായകർ ആലപിയ്ക്കുന്നു.
10. युवां उपविशथः - നിങ്ങളിരുവരും ഇരിക്കുന്നു.
11. आवां छात्रौ भवावः - ഞങ്ങളിരുവരും വിദ്യാർത്ഥികളാകുന്നു.

സുഭാഷിതം

സുലഭാഃ പുരുഷാ ലോകേ
സതതം പ്രിയവാദിനഃ
അപ്രിയസ്യ തു പഥ്യസ്യ
വക്താ ശ്രോതാ ച ദുർലഭഃ

അന്വയം - പ്രിയവാദിനഃ പുരുഷാഃ ലോകേ സതതം സുലഭാഃ ഭവന്തി. തു അപ്രിയസ്യ പഥ്യസ്യ വക്താ ശ്രോതാ ച ദുർലഭഃ ഭവതി.

പ്രിയം പറയുന്ന ശീലമുള്ളവർ ലോകത്തിൽ എപ്പോഴും സുലഭരാണ്. എന്നാൽ പ്രിയമല്ലാത്ത നന്മ പറയുന്നവരും കേൾക്കുന്നവരും ദുർലഭമാകുന്നു.

രണ്ടു വാക്യങ്ങൾ യോജിപ്പിച്ചുകൊണ്ട് ഒരു വാക്യമാക്കുന്നതിനുവേണ്ടി ചില അവ്യയപദങ്ങൾ താഴെ ചേർക്കുന്നു.

1. यत्र तत्र - എവിടെയുണ്ടോ അവിടെ
2. यदा तदा - എപ്പോഴാണോ അപ്പോൾ
3. यदि तर्हि - എങ്കിൽ
4. यथा तथा - എപ്രകാരം അപ്രകാരം
5. यावत् तावत् എത്രത്തോളം അത്രത്തോളം

ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

1. यत्र धूमः अस्ति तत्र अग्निः अस्ति। എവിടെ പുകയുണ്ടോ അവിടെ തീയുണ്ട്.
2. यदा सूर्यः उदयते तदा कमलानि विकसन्ति। എപ്പോൾ സൂര്യൻ ഉദി

ക്കുന്നുവോ അപ്പോൾ താമരകൾ വികസിക്കുന്നു.

3. यदि इच्छशक्तिः दृढतमा तर्हि फलप्राप्तिः सुनिश्चिता। ഇച്ഛാശക്തി സുദൃഢമാണെങ്കിൽ ഫലപ്രാപ്തി സുനിശ്ചിതമാണ്.

4. यथा गुरुजनाः प्रवर्तन्ते तथा शिष्याः प्रवर्तन्ते ഏതുപോലെയാണോ ഗുരുജനങ്ങൾ പ്രവർത്തിക്കുന്നത് അതുപോലെ ശിഷ്യന്മാരും പ്രവർത്തിയ്ക്കുന്നു.

5. यावत् कालं सूर्यचन्द्रतारा वर्तन्ते तावत्कालं रामायणकथा लोके भवन्ति। എത്രത്തോളംകാലം സൂര്യചന്ദ്രതാരങ്ങൾ സ്ഥിതിചെയ്യുന്നുവോ അത്രത്തോളം കാലം ലോകത്തിൽ രാമായണകഥ നിലനിൽക്കും.

(തുടരും)

ഔഷധസസ്യങ്ങൾ - 16

# ചെത്തി

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

പൂവിന്റെ നിറം അടിസ്ഥാനമാക്കി ചുവപ്പ്, ഇളം നീലനിറത്തിലുള്ളതും കുലകുലയായുള്ളതും ചെത്തികളിൽ ഉൾപ്പെടുന്നു.

റൂബിയേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം ഇക്സോറ കോക്സിനിയ എന്നാണ്. സംസ്കൃതത്തിൽ രക്തലാ, പാടലി എന്നീ പേരുകളുണ്ട്. ചൊറി, വ്രണം, അതിസാരം, ഗ്രഹണി, ഗോണേറിയ തുടങ്ങിയ രോഗങ്ങൾക്ക് ഒറ്റയ്ക്കും മറ്റ് ഔഷധങ്ങളോടു ചേർത്തും ഉപയോഗിയ്ക്കുന്നു.

ഉദരവേദന ശമിപ്പിയ്ക്കുന്നു. വയറ്റിൽ രോഗമുണ്ടാക്കുന്ന ചില പ്രത്യേകതരം അണുക്കളെ നശിപ്പിക്കാനുള്ള ശക്തിയുണ്ട്. വ്രണവും മുറിവും ഉണങ്ങുന്നതിനും പഴുക്കാതെ സൂക്ഷിയ്ക്കുന്നതിനുമുള്ള പ്രതിരോധശക്തിയുണ്ട്.

ചെത്തിപ്പൂവ്, ചീനപ്പാവ്, മല്ലി ഇവ തുല്യമായെടുത്തു അരച്ച് 3 ഗ്രാം വീതം ദിവസം 3 നേരം കൊടുത്താൽ വിഷൂചിക (കോളറ) അതിസാരം തുടങ്ങിയവ ശമിയ്ക്കും.

ചെത്തിവേര്, തേങ്ങ, ചേർത്തരച്ച് കുരുവിന്റെ പുറമെ പുരട്ടിയാൽ വിങ്ങലും ചൊറിച്ചിലും വേദനയും മാറി എളുപ്പത്തിൽ പൊട്ടിപ്പോകുന്നു.

ചെത്തിപ്പൂമൊട്ട് ജീരകവും ചേർത്തരച്ച് ശുദ്ധജലത്തിലിട്ടുവെച്ച് ആ വെള്ളം അരിച്ചെടുത്ത് കണ്ണിൽ ധാരകോരിയാൽ നീരും വേദനയും മാ

റിക്കിട്ടും.

ചെത്തിവേര് വെള്ളത്തിലിട്ട് തിളപ്പിച്ച ആ വെള്ളം ചൊറി, ചിരങ്ങ് ഇവ കഴുകാൻ ഉപയോഗിച്ചാൽ അസ്വാസ്ഥ്യം കുറഞ്ഞ് പെട്ടെന്ന് മാറിക്കിട്ടും.

ചെത്തിപ്പൂ ഉണക്കിയത് മലരും പഞ്ചസാരപൊടിച്ചതും ചേർത്ത് ചെറിയ കുട്ടികൾക്ക് ആരോഗ്യവർദ്ധനയ്ക്ക് നല്കാവുന്നതാണ്.

കണ്ണൻകായ ഉണങ്ങിപ്പൊടിച്ചതും ചെത്തിപ്പൂ ഉണക്കിപ്പൊടിച്ചതും ചേർത്ത് നന്നേചെറിയ കുട്ടികൾക്ക് വാഴയ്ക്കയായി നല്കിയാൽ രോഗപ്രതിരോധശേഷി വർദ്ധിയ്ക്കും.

ക്ഷേത്രങ്ങളിൽ പൂജാദികർമ്മങ്ങൾക്കും ഹോമങ്ങൾക്കും ചെത്തിപ്പൂ ഒരവശ്യവസ്തു തന്നെയാണ്.

(തുടരും)

## കുട്ടികളുടെ വാല്മീകി രാമായണം  10

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

---

(കഴിഞ്ഞലക്കം തുടർച്ച)

വിശ്വാമിത്രന്റെ സരസവും അർത്ഥഗംഭീരവുമായ കഥാകഥനം രാമലക്ഷ്മണന്മാരെ അത്ഭുതപരതന്ത്രരാക്കി. മഹത്തായ പാരമ്പര്യവും ദേശസ്നേഹവും നാട്ടുകാരുടെ സുകൃതവുമാണെന്ന മുനിശ്രേഷ്ഠന്റെ അഭിപ്രായം അവരെ കൂടുതൽ കർത്തവ്യബോധമുള്ളവരാക്കി മാറ്റി. പുണ്യനദിയായ ഗംഗാതീരത്തുനിന്ന് അവർ നഗരപ്രാന്തത്തിലേയ്ക്ക് പ്രവേശിച്ചു. കൃതയുഗത്തിൽ ഭരണം നടത്തിയ ധാർമ്മികരും ബലവാന്മാരുമായ ദിതി, അദിതിപുത്രന്മാരുടെ പ്രശസ്തിയുടെ പൊൻശുവൽപ്രഭയാണിവിടെ പ്രസരിയ്ക്കുന്നതെന്ന് വിശ്രുതനായ വിശ്വാമിത്രൻ പറഞ്ഞു. പ്രജക്ഷേമതല്പരരായ ഇവർ മരണമില്ലാത്തവരും രോഗങ്ങളിൽനിന്നു നിത്യമുക്തരുമായിത്തീരാനായി അമൃത് നേടിയെടുക്കാൻ തീരുമാനിച്ചു. ക്ഷിപ്രസാദ്ധ്യമല്ലാത്ത കാര്യമാണെങ്കിലും പാൽക്കടലിന്റെ അന്തർഭാഗത്തുള്ള അമൃതിനായി സർപ്പശ്രേഷ്ഠനായ വാസുകിയെ കയറായും മന്ദരപർവ്വതത്തെ കടകോലായും അവർ ആയിരം വർഷം പാൽക്കടൽ കടഞ്ഞു. അപ്പോഴാണ് ക്ഷീണിതനായ

വാസുകി, ഹാലാഹല മഹാവിഷം ഛർദ്ദിച്ചത്. അഗ്നിസമാനമായ വിഷത്തിന്റെ ശക്തിയാൽ സകലതും വെന്തുദഹിക്കാൻ തുടങ്ങി. ഇതു തടഞ്ഞു നിർത്താൻ പ്രപഞ്ചത്തിൽ ഒരൊറ്റ ശക്തിയ്ക്കുമാത്രമേ സാദ്ധ്യമാവുകയുള്ളു എന്നറിയുന്ന മഹാവിഷ്ണു അഗ്രപൂജ എന്ന നിലയിൽ പാൽക്കടലിൽനിന്നാദ്യമായി ലഭിച്ച മഹാവിഷത്തെ ശിവനോട് സ്വീകരിയ്ക്കണമെന്നഭ്യർത്ഥിച്ചു. അമൃതം ലോകത്തിനും, വിഷം തനിയ്ക്കുമെന്ന മഹത്തായ സന്ദേശം ലോകത്തിനു സമ്മാനിച്ച് മഹാദേവൻ സന്തോഷപൂർവ്വം അത് കൈക്കൊണ്ടു. മാരകമായ വിഷം കണ്ഠത്തിൽ (കഴുത്തിൽ) സംഭരിച്ചതു മുതൽ ശങ്കരൻ, നീലകണ്ഠനായി അറിയപ്പെട്ടു. സഹായികളായി പല ശക്തികളുമുണ്ടെന്ന് ബോദ്ധ്യമായപ്പോൾ കൂടുതൽ ഊർജ്ജസ്വലരായി, ദേവാസുരന്മാർ ഒത്തൊരുമിച്ച് പാൽക്കടൽ കടയാനാരംഭിച്ചു. അപ്പോഴാണ് കടകോലായ മന്ദരപർവ്വതം പാതാളത്തിൽ ആണ്ടുപോയത്. ഉടൻ ദേവന്മാർ മഹാവിഷ്ണുവിനെ സ്തോത്രം ചൊല്ലി പ്രസാദിപ്പിച്ചു. സന്തുഷ്ടനായ വിഷ്ണു ആമയുടെ രൂപത്തിൽ, പർവ്വതത്തെ ഉയർത്തി, സ്വന്തം പുറത്തേറ്റി അവരോടൊപ്പം കടയാൻ തുടങ്ങി. ഇതാണ് വിഷ്ണുവിന്റെ രണ്ടാമത്തെ അവതാരമായ കൂർമ്മം. ആയിരം വർഷത്തെ നിരന്തര പരിശ്രമം പൂർത്തിയായപ്പോൾ, ആയുർവ്വേദത്തിന്റെ അധീശ ദേവനും ധർമ്മചാരിയുമായ സാക്ഷാൽ ധന്വന്തരി ദണ്ഡും കമണ്ഡലുവും ധരിച്ച് ഉയർന്നുവന്നു. തുടർന്ന് അപ്സരസ്സുകളുടെ നീണ്ടനിരയും അവരുടെ പരിചാരികമാരും പ്രത്യക്ഷരായി. പിന്നീട് സമുദ്രദേവനായ വരുണന്റെ പുത്രിയായ വാരുണി ആവിർഭവിച്ചു.

അദിതിപുത്രന്മാർ അവളെ വധുവായി സ്വീകരിച്ചു. അപ്പോൾ മുതൽ ദൈത്യന്മാർ അസുരന്മാരും, ആദിതേയന്മാർ സുരന്മാരുമായി. വാരുണിയുടെ ആകർഷണത്തിലമർന്ന അസുരന്മാർ തിന്മയുടെ പ്രതിരൂപമായിത്തീരാൻ അധികസമയം വേണ്ടിവന്നില്ലെന്ന് തുടർന്നുവരുന്ന ചരിത്രം വെളിവാക്കുന്നു. അതിനുശേഷം ഉച്ചൈശ്രവസ്സ് എന്ന അത്ഭുതക്കുതിരയും കൗസ്തുഭം എന്ന അതിശ്രേഷ്ഠമായ രത്നവും പാൽക്കടലിൽനിന്നുത്ഭവിച്ചു. ഉച്ചൈശ്രവസ്സിനെ ദേവേന്ദ്രനും കൗസ്തുഭത്തെ മഹാവിഷ്ണുവും സ്വന്തമാക്കി. ഇതിനെല്ലാം ശേഷമാണ് സർവ്വരേയും ഭ്രമിപ്പിച്ച്, കൊതിപ്പിച്ച് കാത്തിരുന്ന അമൃതിന്റെ ആവിർഭാവം. ഉദ്ദേശിച്ച കാര്യംനേടി എന്നു ബോദ്ധ്യമായപ്പോൾ അമൃതിന്റെ അവകാശവാദമുന്നയിച്ച് ദേവാസുരന്മാർ തമ്മിൽ അതിദീർഘവും ഘോരവുമായ യുദ്ധം സമാരംഭിച്ചു. നോക്കണേ അക്കാലത്തുപോലും സ്വാർത്ഥത കീഴടക്കിയ മനസ്സിന്നുടമകളായിരുന്നു എല്ലായിടത്തും. അസുരന്മാരും രാക്ഷസന്മാരും ഒരു വശത്തും, ദേവന്മാർ മറുവശത്തുമായി നടന്നഘോരയുദ്ധം. പ്രപഞ്ചം ഒന്നുമല്ലാതായിത്തീരുമെന്ന

ഘട്ടം സംജാതമായപ്പോൾ, മഹാവിഷ്ണു മോഹിനീ വേഷമെടുത്ത് അസുരന്മാരിൽനിന്ന് അമൃത് കരസ്ഥമാക്കി. അങ്ങനെ അദ്ദേഹം ദേവന്മാരെന്ന സദ്വൃത്തരെ രക്ഷപ്പെടുത്തി.

(തുടരും)

## ലളിതാസഹസ്രനാമം വ്യാഖ്യാനം - 20

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

*മഹാപാശുപതാസ്ത്രാഗ്നിനിർദഗ്ധാസുരസൈനികാ* = മഹാപാശുപതാസ്ത്രത്തിൽനിന്ന് നിർഗമിക്കുന്ന അഗ്നികൊണ്ട് അസുരസൈന്യങ്ങളെ നിശ്ശേഷം ദഹിപ്പിച്ചവൾ.

മഹാപാശുപതം എന്ന അസ്ത്രം പ്രയോഗിച്ച് ഭാണ്ഡാസുരന്റെ എല്ലാ സൈന്യങ്ങളെയും ഇല്ലാതാക്കുന്നു. രണ്ടുവിധം പാശുപതം ഉണ്ട്. അതിലൊന്നാണ് പരമശിവൻ അർജ്ജുനന് കൊടുത്ത പാശുപതം. ആറ് അക്ഷരങ്ങളുള്ള ആ മന്ത്രത്തിന്റെ ദേവത ഈശ്വരനാണ്. ഇതും ശത്രുക്കളെ ഇല്ലാതാക്കുവാൻ ഉപയോഗിക്കുന്നു. ഇവിടെ ദേവി ഉപയോഗിച്ച മഹാപാശുപതത്തിന്റെ ദേവത സദാശിവനാണ്. ഗായത്രി, ത്രിഷ്ടുപ്, അഗ്നിബീജങ്ങൾ എന്നിവ ചേർന്ന ഈ മഹാപാശുപതമന്ത്രം വളരെ രഹസ്യമായിട്ടുള്ളതാണ്. ഇതിനെ ശ്രീചക്രത്തിലാരാധിക്കും. മഹാപാശുപതത്തെ ശ്രീചക്രത്തിന്റെ ബിന്ദുവിലും ബ്രഹ്മാസ്ത്രം, നാരായണാസ്ത്രം, വായവ്യാസ്ത്രം തുടങ്ങിയവ അതിനുചുറ്റുമുള്ള എട്ടുകോണുകളിലും ആരാധിക്കുന്ന സമ്പ്രദായം ഇന്നധികം പ്രചാരത്തിലില്ല. മഹാപാശുപതം ബ്രഹ്മാസ്ത്രം തുടങ്ങിയവയെല്ലാം നമ്മുടെ അജ്ഞാനങ്ങളെയെല്ലാം ഇല്ലാതാക്കുന്നു. ഗായത്രീമന്ത്രത്തിന്റെ പ്രത്യേക രീതിയിലുള്ള ജപത്താൽ സിദ്ധമാകുന്ന ബ്രഹ്മാസ്ത്രം അജ്ഞാനമില്ലാതാക്കി നമ്മളെ ബോധത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ഭണ്ഡാസുരൻ അത്രകണ്ട് ശക്തനായതുകൊണ്ടാണ് പശുപതിയായ ശിവനെ സംബന്ധിക്കുന്നതും ജ്ഞാനസംബന്ധിയായതുമായ മഹാപാശുപതാസ്ത്രം ദേവി പ്രയോഗിച്ചത്. പല അസുരന്മാരെയും വിവിധതരം ആയുധങ്ങൾ ഉപയോഗിച്ച് നിഗ്രഹിച്ചു. പിന്നീട് ഇനി ഒന്നും അവശേഷിപ്പിക്കേണ്ടതില്ല എന്ന് നിശ്ചയിച്ച് ദേവി മഹാപാശുപതാസ്ത്രം പ്രയോഗിച്ചു. അങ്ങനെ ഭണ്ഡാസുരനും അവന്റെ നഗരമായ ശൂന്യകവും

ഒഴിച്ച് സകലതും മഹാപാശുപതംകൊണ്ട് ദേവി ഇല്ലാതാക്കി. ഇല്ലാത്ത ഒരു സങ്കല്പമാണ് ശൂന്യകം. ഇല്ലാത്തതിൽനിന്ന് ഉദ്ഭൂതനായവനാണ് ഭണ്ഡാസുരൻ. ജഡമായ ശരീരം സത്യത്തിൽ ഇല്ല. ഇല്ലാത്ത നഗരമായതുകൊണ്ട് ശൂന്യകമെന്ന് പേര്. ആ ശൂന്യകം എന്ന നഗരവും ഭണ്ഡാസുരനും മാത്രമേ അവശേഷിക്കുന്നുള്ളൂ.

*33. കാമേശ്വരാസ്ത്രനിർദഗ്ധസഭണ്ഡാസുരശൂന്യകാ
ബ്രഹ്മോപേന്ദ്രമഹേന്ദ്രാദിദേവസംസ്തുതവൈഭവാ*

*കാമേശ്വരാസ്ത്രനിർദഗ്ധസഭണ്ഡാസുരശൂന്യകാ* = കാമേശ്വരാസ്ത്രംകൊണ്ട് ദഹിപ്പിച്ച ഭണ്ഡാസുരനോടും ശൂന്യകത്തോടും കൂടിയവൾ.

ലളിതാപരമേശ്വരി കാമേശ്വരാസ്ത്രംകൊണ്ട്. ഭണ്ഡാസുരനെയും അവന്റെ ശൂന്യകം എന്ന് വിളിക്കപ്പെടുന്ന നഗരത്തെയും നശിപ്പിച്ചു.

ലളിതാപരമേശ്വരിയുടെ ഈ നാമത്തിന് ദേവിയുടെ കഥയുമായി ബന്ധമുണ്ട്. ആ കഥ ആരംഭിക്കുന്നത് കാമദേവനെ ദഹിപ്പിച്ചതിനു ശേഷമുള്ള ആ ഭസ്മത്തിൽനിന്ന് ഭണ്ഡാസുരനെ സൃഷ്ടിച്ചുകൊണ്ടാണ്. അതുകൊണ്ട് ഭണ്ഡാസുരൻ കാമദേവനുമായി ബന്ധപ്പെട്ടാളാണ്. ഈ ഭണ്ഡാസുരനെ നിഗ്രഹിക്കാനായി ചിദഗ്നികുണ്ഡസംഭൂതയും കാമേശ്വരിയായതുമായ ലളിതാപരമേശ്വരി വരുന്നു. കാമാക്ഷിദേവിയുടെ പേര് കാമേശ്വരി എന്ന് പ്രസിദ്ധം. ഈ കാമേശ്വരിദേവി കാമേശ്വരനായ ശിവനെ വിവാഹം കഴിക്കുന്നു. ഈ കാമേശ്വരി ഭണ്ഡാസുരനെ കാമേശ്വരാസ്ത്രംകൊണ്ട് നിഗ്രഹിക്കുന്നു. കാമദേവൻ, കാമേശ്വരി, കാമേശ്വരൻ, കാമേശ്വരാസ്ത്രം എന്നിങ്ങനെ ആഗ്രഹങ്ങളുടെ ഒരു ചിത്രമാണ് ഇവിടെ ദൃശ്യമാക്കുന്നത്. ആഗ്രഹങ്ങളിൽനിന്ന് (കാമദേവൻ) ഉണ്ടായ ഭണ്ഡാസുരനെ ഉയർന്നതും പരിശുദ്ധമായതുമായ ചിന്തകളും ആഗ്രഹങ്ങളുംകൊണ്ട് ഇല്ലാതാക്കുന്നു. അങ്ങനെ മനസ്സിൽ നടക്കുന്ന ചിന്തകളുടെ ലീലയാണ് ഈ യുദ്ധം. നമ്മുടെ മനസ്സിലുള്ള താഴ്ന്നതും ഉയർന്നതുമായ വികാരങ്ങൾ തമ്മിലുള്ള ഒരു യുദ്ധമാണിവിടെ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ജഡമാണ് ഞാൻ എന്ന ബോധത്തിൽനിന്നുണ്ടായ ആഗ്രഹങ്ങളെ മുഴുവൻ ഇല്ലാതാക്കാൻ ഈശ്വരീയാനുഗ്രഹത്തോടുകൂടിയതും ഉത്തേജിതവുമായ ആഗ്രഹങ്ങളെകൊണ്ട് സാധിക്കുമെന്ന് ഈ നാമം കാണിക്കുന്നു. ഇത് ഒരു സാധനാസമ്പ്രദായവും കൂടിയാണ്.

*ബ്രഹ്മോപേന്ദ്രാദിദേവസംസ്തുതവൈഭവാ* = ബ്രഹ്മാവ്, ഉപേന്ദ്രൻ, ഇന്ദ്രൻ തുടങ്ങിയവരാൽ സ്തുതിക്കപ്പെട്ട വൈഭവത്തോടുകൂടിയവൾ.

ഭണ്ഡാസുരൻ അവന്റെ നഗരമായ ശൂന്യകം എന്നിവയെ നശിപ്പി

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

യുന്നതായ മഹത്തായ ആ യുദ്ധം കണ്ട് ആനന്ദിച്ച ദേവന്മാർ ദേവിയെ സ്തുതിച്ചു. സൃഷ്ടിസ്ഥിതിസംഹാരകർത്താക്കളായ ത്രിമൂർത്തികൾക്ക് ഈ യുദ്ധം അത്യദ്ഭുതമുണ്ടാക്കി. ആ അത്ഭുതത്തിന്റെ ഫലമായി അവർ ദേവിയെ സ്തുതിച്ചു. ദേവിയുടെ വൈഭവത്തെയും ചമത്ക്കാരത്തെയും കാണുകയും കേൾക്കുകയും ചെയ്തപ്പോൾ മനസ്സിൽ സ്വാഭാവികമായി ഉണ്ടായ അദ്ഭുതത്തിന്റെ വാഗ്രൂപത്തിലുള്ള പ്രവാഹമാണിവരുടെ സ്തുതി.

*34. ഹരനേത്രാഗ്നിസംദഗ്ധകാമസഞ്ജീവനൗഷധിഃ*
*ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ.*

*ഹരനേത്രാഗ്നിസംദഗ്ധകാമസഞ്ജീവനൗഷധിഃ* = ഹരനേത്രാഗ്നിയാൽ ദഹിച്ച കാമദേവന് സഞ്ജീവനി എന്ന ഔഷധമായിത്തീർന്നവൾ.

കാമദേവൻ ഹരനേത്രാഗ്നിയാൽ ഭസ്മമായപ്പോൾ ആ ഭസ്മത്തിൽ നിന്നു ഉദ്ഭവിച്ച ഭണ്ഡാസുരനെ കാമേശ്വരനും കാമേശ്വരിയും ചേർന്ന് ഇല്ലാതാക്കി. പിന്നീട് ഹരനേത്രാഗ്നിയാൽ നടന്ന കാമദഹനത്തിൽനിന്ന് ഉണ്ടായതും ശേഷിച്ചിട്ടുണ്ടായിരുന്നതുമായ കാമദേവന്റെ ഭസ്മത്തിൽനിന്ന് വീണ്ടും ലളിതാപരമേശ്വരിയുടെ കടാക്ഷത്താൽ കാമദേവൻ പുനർജ്ജനിയ്ക്കുന്നു. ചന്ദ്രികയുടെ ശീതളിമയുള്ള ദേവി രതീദേവിയുടെ കരച്ചിലും പ്രാർത്ഥനയും കേട്ടിട്ട് കാമന്റെ ഭസ്മത്തിലേയ്ക്ക് ഒന്നുനോക്കിയപ്പോൾ അംഗങ്ങളില്ലാത്ത കാമദേവൻ (അനംഗൻ) പുനർജ്ജനിച്ചു. ഇത് നമ്മുടെ ആഗ്രഹങ്ങളെ കൈകാര്യം ചെയ്യുന്ന സാധനാസമ്പ്രദായമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശരിയായ നിരീക്ഷണമാണ്. ധ്യാനസ്ഥിതിയിലിരിക്കുന്ന ശിവന്റെ മനസ്സിൽ കാമദേവൻ അമ്പെയ്തപ്പോൾ ഒരു നിമിഷനേരത്തേയ്ക്ക് പാർവ്വതീദേവിയിൽ അദ്ദേഹം അനുരക്തനായി എങ്കിലും തന്റെ മനസ്സിന്റെ ചാഞ്ചാട്ടത്തെ നിരീക്ഷണഫലമായി തിരിച്ചറിഞ്ഞ് അതിനുള്ള കാരണം കാമദേവനാണെന്ന് (ആഗ്രഹം) മനസ്സിലാക്കി ആ ആഗ്രഹത്തെ (കാമദേവനെ) ജ്ഞാനമാകുന്ന തൃക്കണ്ണുകൊണ്ട് ഭസ്മീകരിച്ചു. നമ്മുടെ ഉപബോധമനസ്സിന്റെ അടിത്തട്ടിലെപോലും ആഗ്രഹങ്ങളെ കണ്ടുപിടിച്ചും പരിശോധിച്ചും മനസ്സിലാക്കുവാൻ ജീവിതത്തിലെ ഓരോ സന്ദർഭത്തിലെയും നമ്മുടെ പെരുമാറ്റം നിരീക്ഷിക്കേണ്ടതുണ്ട്. ജീവിതത്തെ നിഷ്പക്ഷമായി നിരീക്ഷിക്കുക വഴി കാമശ്വരിയായ ദേവിയെ പ്രാപിക്കുവാൻ സാധിക്കും. അങ്ങനെ ദേവിയെ നേടിയാൽ ഭസ്മീകരിക്കപ്പെട്ട കാമദേവനെ (ഇല്ലാതാക്കിയ ആഗ്രഹത്തെ) ദേവി പുനർജ്ജ

നിപ്പിക്കും. സഞ്ജീവനീമന്ത്രം ജപിച്ചാൽ മരിച്ചവൻ പുനർജ്ജനിക്കുന്ന തുപോലെ ശിവൻ നശിപ്പിച്ചാൽപോലും ദേവിയ്ക്ക് പുനർജനിപ്പിക്കുവാൻ സാധിക്കും. അങ്ങനെ ദേവി കാമദേവന് സഞ്ജീവനീ എന്ന ഔഷധമായി ഭവിയ്ക്കുന്നു. അതുകൊണ്ട് ദേവിയെ ആശ്രയിക്കണമെന്ന് ഈ നാമം ഉദ്ബോധിപ്പിക്കുന്നു.

(തുടരും)

## ചണ്ഡീരഹസ്യം (ശ്രീ നീലകണ്ഠദീക്ഷിത വിരചിതം)

സമ്പാദകൻ : ദാമോദർ നാരായണൻ സി.എൻ.

കഴിഞ്ഞലക്കം തുടർച്ച

*23. ദൈത്യൈ വരം വിതരതോ നിജനാശരൂപം*
*ദൈത്യാരയേ ത്രിജഗതാം വരദോ വരാർഥീ*
*ഇത്ഥം പ്രചോദിതധിയാം ക്ഷമമീശ്വരത്വം*
*വൃത്തേഷു കിം ന സചിവോ/പി നൃപം നിയുങ്ക്തേ.*

മൂന്നു ലോകർക്കും വരം കൊടുക്കുന്ന ദൈത്യശത്രുവായ മഹാവിഷ്ണുവിന് മഹാകാളീരൂപത്തിലുള്ള ദേവിയുടെ പ്രേരണയാൽ മധുകൈടഭന്മാർ സ്വനാശത്തിനുള്ള വരം നല്കുകയുണ്ടായി. ഇപ്രകാരം ദേവിയാൽ പ്രചോദിതമാക്കപ്പെട്ട ബുദ്ധിയുള്ളവർക്ക് ഈശ്വരത്വം കൈവരുന്നു. ഇവിടെ ദേവിയാണല്ലോ മഹാവിഷ്ണുവിന് വരം നല്കുവാനുള്ള ബുദ്ധിയും അവസരവും നല്കിയത്. ചില സന്ദർഭങ്ങളിൽ മന്ത്രിമാർപോലും ചില കാര്യങ്ങളിൽ രാജാവിനെ നിയോഗിക്കുന്നില്ലേ.

*24. ന്യസ്തം യദാ ശിരസി പാദതലം ഭവത്യാ*
*ലബ്ധം തദൈവ മഹിഷേണ പരം പദം*
*തേ ഹന്തും പുനര്യദിദമാദദിഷേ ത്രിശൂലം*
*തത്തേ ജഗജ്ജനനി സങ്ഗരസംഭ്രമേണ*

അല്ലയോ ജഗജ്ജനനി, ഭവതി പാദം മഹിഷാസുരന്റെ ശിരസ്സിൽ വച്ചപ്പോൾതന്നെ അവന് മോക്ഷം ലഭിച്ചു. എന്നിട്ടും യുദ്ധാവേശത്താൽ അവനെ കൊല്ലുവാനായി ദേവി ത്രിശൂലം പ്രയോഗിച്ചു.

*25. കസ്ത്വം രണേ ജയതു കസ്തവ ഹന്തു ദർപ്പം
കോ വാസ്തു തേ പ്രതിഭടോ ഭവിതാ പതിഃ കഃ
ദൈത്യം പ്രതാരയിതുമേവ കൃതോ/ഭ്യുപായോ
ദേവം ന വിസ്മൃതവതീ ഭവതീ മഹേശം*

അല്ലയോ ഭഗവതീ, യുദ്ധത്തിൽ അവിടുത്തെ ജയിയ്ക്കാനോ പ്രതാപത്തെ ഇല്ലാതാക്കാനോ ആർക്കും സാധിയ്ക്കുകയില്ല. അവിടുത്തെ നേർക്കുനേർ നിന്ന് എതിരിടുവാൻപോലും ആരുണ്ട്? അവിടുത്തെ ഭർത്താവാകുവാൻ ആർക്കും സാധിക്കില്ല. അസുരനെ വഞ്ചിയ്ക്കുവാൻ വേണ്ടി മാത്രമാണ് തന്നെ യുദ്ധത്തിൽ തോല്പിക്കുന്നാളെ മാത്രമേ പതയായി സ്വീകരിക്കുകയുള്ളൂ എന്ന സൂത്രം പ്രയോഗിച്ചത്. അതല്ലാതെ സ്വന്തം പതിയായ ശ്രീമഹേശ്വരനെ വിസ്മരിച്ചിട്ടായിരുന്നില്ല.

*26. ചണ്ഡി ദ്വിഷസ്തവ നിപേതുരചേത കൃത്യാ-
ശ്ചണ്ഡാട്ടഹാസനിനദൈരിതി നാദ്ഭുതം നഃ
ദൃഷ്ടക്രിയസ്ത്രിഷു പുരേഷു തവാപ്രസിദ്ധോ
മന്ദസ്മിതാർധമഹിമാ ന ഹി മാദൃശാനാം.*

അല്ലയോ കോപശീലേ അവിടുത്തെ ഭയങ്കരാട്ടഹാസത്താൽ ശത്രുക്കൾ ചേതസ്സറ്റ് നിലപതിച്ചതിൽ ഞങ്ങൾക്ക് അദ്ഭുതമില്ല. മുപ്പുരങ്ങളിൽ ശത്രുഭയം അവിടുത്തെ വിഷയത്തിൽ അപ്രസിദ്ധമാണ്. അഥവാ ത്രിപുരദഹനത്തിൽ അവിടുന്ന് പാതിമന്ദസ്മിതത്താൽ ശിവന് സഹായമായി ഭവിച്ചു. അവിടുത്തെ പാതിമന്ദഹാസത്താൽ അസുരകാവൽക്കാർ മോഹിതരായപ്പോൾ ശിവന് ത്രിപുരദഹനം എളുപ്പമായി. ശത്രുക്കളെ കണ്ടാൽ അവിടുന്ന് ചിരിയ്ക്കുകയാണ് ചെയ്യുന്നത്. മന്ദസ്മിതത്തിന് ഇത്രയ്ക്ക് മഹിമയുണ്ടെന്നതിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. പിന്നെ അട്ടഹാസത്തിന്റെ കാര്യം പറയാനുണ്ടോ.

*27. കർമാണി യാനി ദശ തേ ജനഭീഷണാനി
കല്യാണദാനി ഭജതാമഭിജാനതാം വാ
തൈരേവ വിശ്വമഖിലം പരിവൃത്തിഭേദൈർ
ബധ്നാസി മുഞ്ചസി ച കുഞ്ചികയേവ യന്ത്രം*

അവിടുത്തെ ആ പത്തു കർമ്മങ്ങൾ അസുരജനത്തെ ഭയപ്പെടുത്തുന്നതായും ഭജിയ്ക്കുന്നവർക്കും അവിടുത്തെ നന്നായി മനസ്സിലാക്കിയവർക്കും മംഗളദായകങ്ങളായും ഭവിയ്ക്കുന്നു. അവിടുത്തെ ആ കർമ്മങ്ങൾ തന്നെയാ

ണ് പ്രവൃത്തിയുടെ വ്യത്യാസത്താൽ താക്കോൽ കൊണ്ട് താഴ് പൂട്ടുകയും തുറക്കുകയും ചെയ്യുന്നതുപോലെ സർവ്വജഗത്തിന്റെയും ബന്ധനത്തിനും ബന്ധവിമുക്തിയ്ക്കും കാരണമായി ഭവിയ്ക്കുന്നത്.

*28. അന്വാസിതം ഹരിഹരദ്രുഹിണൈഃ സദാരൈഃ*
*ജാമാതൃഭിസ്തനഭവൈർദുഹിതൃഃ സുതൈശ്ച*
*അഗ്രോപവേശിത ജഗജ്ജനനീസമാജ-*
*മാരാധയേ ജനനിരൂപമനുത്തരം തേ.*

പത്നീസമേതരായ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരാലും അവരുടെ ജാമാതാക്കളാലും പുത്രന്മാരാലും പുത്രിമാരാലും അവരുടെ പുത്രന്മാരാലും ആരാധിയ്ക്കപ്പെട്ടതും സമാജത്തിനുമുന്നിൽ അവതരിപ്പിയ്ക്കപ്പെട്ട ലോകമാതാവുമായ ശ്രേഷ്ഠയായ അവിടുത്തെ ജനനീരൂപത്തെ ഞാൻ ആരാധിയ്ക്കുന്നു.

*29. സർവ്വാനുകമ്പനപരം സ്വകൃതോപദേശൈഃ*
*സാർവ്വജ്ഞഗർവശമനം തരുണേന്ദുമൗലേഃ*
*സത്ത്വൈകസാരമകൃതോക്തിപഥാനുസാരം*
*സാരസ്വതം വപുരിദം തവ ചിന്തയാമഃ*

എല്ലാറ്റിലും അനുകമ്പയുള്ളതും സ്വന്തം ഉപദേശങ്ങളാൽ ശിവന്റെ സർവ്വജ്ഞൻ എന്ന ഗർവിനെ ശമിപ്പിക്കുന്ന രൂപത്തിലുള്ളതും സത്ത്വഗുണം എന്ന ഒന്നിന്റെ സാരമായിട്ടുള്ളതും മുൻപൊരിക്കലും അറിയപ്പെടാത്ത മാർഗ്ഗത്തിലൂടെ പിൻതുടരേണ്ടതുമായ ജ്ഞാനമാകുന്ന അവിടുത്തെ രൂപത്തെ സദാ ഞാൻ ധ്യാനിയ്ക്കുന്നു.

*30. നന്ദാത്മജേതി നനു വർഷസി ഹേമരാശിം*
*ശാകംഭരീതി ശമയസ്യുദരോപസർഗാൻ*
*യോഗീശ്വരീതി പരിഹൃത്യ ഭയാനി ഭക്താൻ*
*മാതേവ പായയസി കാമദുഘൗ സ്തനൗ തേ.*

അവിടുന്ന് നന്ദപുത്രിയായി സ്വർണ്ണമഴ പെയ്യിക്കുകയും ശാകംഭരിയായി ഉദരരോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ യോഗീശ്വരിയായി ഭക്തരെ ഭയങ്ങൾ ഇല്ലാതാക്കി അമ്മയെപ്പോലെ അഭീഷ്ടങ്ങളെ ചുരത്തിത്തരുന്ന അവിടുത്തെ മാറിടങ്ങൾ പോറ്റുന്നു.

*31. ഇച്ഛാത്മികാ പുരഹരസ്യ ചിദാത്മികാ ച*

*ശക്തിസ്ത്രിലോകവിദിതേ ന ഹി തത്ര ശങ്കാ*
*തേ ചാർചിതേ ജനയതഃ കില യത്പ്രസാദം*
*താമാശ്രയേ ഭഗവതഃ കൃതിശക്തിമാംബാം*

മൂന്ന ലോകങ്ങളാലും അറിയപ്പെടുന്ന അവിടുന്നുതന്നെയാണ് പുരഹരനായ ശിവന് ഇച്ഛാശക്തിയായിരിക്കുന്നതും ചിദാത്മികയായിരിക്കുന്നതും ഈ രണ്ടു ശക്തികൾ ആരാധിയ്ക്കപ്പെടുമ്പോൾ യാതൊരു പ്രസാദമാണോ ഉണ്ടാകുന്നത് ആ ക്രിയശക്തിയായ അമ്മയെ ഞാൻ ആശ്രയിയ്ക്കുന്നു.

*32. ത്വം ചേതനാസി ഹൃദയം ത്വമസി പ്രജ്ഞാനാം*
*ത്വം വൃത്തയോ ധൃതിമതിപ്രമുഖാസ്ത്വദീയാഃ*
*കൈഃ സാധനൈരഭിമുഖീകരണം തവ സ്യാത്*
*സ്വേനൈവ ദേവി ദയസേ യദി തദ്ദയേഥാഃ*

ഹേ ദേവി! അവിടുന്ന് തന്നെയാണ് ജീവന്റെ ചേതനയും ഹൃദയവുമായിരിക്കുന്നത്. അവിടുന്ന് തന്നെയാണ് ജീവന്മാരുടെതായ ധൃതിബുദ്ധി തുടങ്ങിയ വൃത്തികൾ. ഏതു സാധനകളെകൊണ്ടാണാവോ അവിടുത്തെ അഭിമുഖീകരിക്കുവാൻ സാധിക്കുക അഥവാ പ്രാപിക്കുവാൻ സാധിക്കുക. അതിന് അവിടുത്തെ കൃപതന്നെ വേണം.

*33. ത്വത്പൂജനം യദിഹ ജ്ഞാനദജനദഹം*
*മാതശ്ചകർഥ മഹതീ കില ചാതുരീയം*
*ജ്ഞാനദ്ഭിരേവ ഭവതീ യദി പൂജനീയാ*
*ലുപ്യേത പൂജനകഥൈവ ജഗത്ത്രയേ തേ.*

അവിടുത്തെ സ്വരൂപം അറിയുന്നവരും അറിയാത്തവരും അവിടുത്തെ ആരാധിക്കുന്നു. ഇത് ദേവിയുടെ കൗശലമാകുന്നു. അറിയുന്നവർ മാത്രം ദേവിയെ പൂജിയ്ക്കുന്നുള്ളുവെങ്കിൽ ദേവീപൂജ ലോപിച്ചുപോകുമായിരുന്നു. ദേവീസ്വരൂപം അറിയുക കഠിനം തന്നെയെന്ന് സാരം.

*34. യാവത് പരത്വമഖിലാഗമബോധിതം തേ*
*താവത്തതഃ ശതഗുണം ച സുഖാശ്രയാസി*
*വേദാസ്ത്വദർചനവിധാനപരാ ഹി നോ ചേ-*
*ദംബ സ്യുരബ്ധിതരണോക്തിവദപ്രമാണം.*

ഹേ ദേവി! അവിടുത്തെ സ്വരൂപം ആഗമങ്ങളാൽ വർണ്ണിച്ചിരിക്കു

ന്നതിനേക്കാൾ നൂറുമടങ്ങ് ശ്രേഷ്ഠമാകുന്നു. ശാസ്ത്രങ്ങൾ അവിടുത്തെ ആരാധിയ്ക്കേണ്ടതെങ്ങനെയെന്ന് പ്രസ്താവിച്ചിട്ടില്ലായിരുന്നുവെങ്കിൽ അവിടുത്തെ ആരാധന കടൽ നീന്തികടക്കുന്നതുപോലെ ദുഷ്കരമായി തീർന്നേനേ.

*35. പ്രജ്ഞാനഭിജ്ഞസുലഭാം പരിപൂർണശക്തി-*
*മവ്യാജഭ്രുതകരുണാപരിണാമരൂപാം*
*അംബാം മനാഗപി മനസ്യവലംബമാനാ*
*ധീരാ ന ബിഭ്യതി കഥംചിദിതോ/മുതോ വാ*

പരിപൂർണ്ണശക്തിയോടുകൂടിയവളും കപടതയില്ലാത്തവളുമായ അമ്മയെ മനസ്സുകൊണ്ട് ഒരിക്കലെങ്കിലും ആശ്രയിക്കുന്ന ധീരന്മാർ ഒരുതരത്തിലും ഭയക്കുന്നില്ല.

*36. അഭ്യർത്ഥനീയമഖിലം ഭവദാശ്രിതാനാ-*
*മഭ്യർത്ഥിതം പ്രഥമമേവ ഹി ദേവസംഘൈഃ*
*അംബ സ്മരൻ സഫലയാമ്യവശിഷ്ടമായു-*
*രങ്ഗാനി തേ ഭുവനമങ്ഗളമങ്ഗളാനി.*

ഹേ അമ്മേ! അവിടുത്തെ ആശ്രയിക്കുന്നവർക്ക് അഭ്യർത്ഥിക്കാനുള്ളതെല്ലാം ദേവന്മാരാൽ ആദ്യമേ അഭ്യർത്ഥിച്ചു കഴിഞ്ഞു. അതുകൊണ്ട് ഞാൻ ഭുവനത്തിലെ മംഗളവസ്തുക്കളെയെല്ലാം മംഗളങ്ങളാക്കുന്ന അവിടുത്തെ അംഗങ്ങളെ സ്മരിച്ചുകൊണ്ട് അവശേഷിച്ച ആയുസ്സിനെ സഫലമാക്കികൊള്ളട്ടെ.

## ഭഗവദ്ഗീതാ - ഒരു പുനർവായന (9)

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

അഭിനവഗുപ്തപാദാചാര്യരുടെ വ്യാഖ്യാനം.

*5. ധൃഷ്ടകേതുശ്ചേകിതാനഃ കാശിരാജശ്ച വീര്യവാൻ*
*പുരുജിത് കുന്തിഭോജശ്ച ശൈബ്യശ്ച നരപുങ്ഗവഃ*

ധൃഷ്ടകേതുവും ചേകിതാനനും വീര്യവാനായ കാശിരാജാവും പുരുജി

ത്തും കുന്തിഭോജനും മനുഷ്യരിൽ ശ്രേഷ്ഠനായ ശൈബ്യനും മഹാരഥന്മാരാണ്. തന്നെ കൊല്ലുവാനായി ശത്രുസൈന്യത്തിൽ അണിനിരന്നവരാണെങ്കിലും എല്ലാവരും മഹാരഥന്മാർ തന്നെയെന്ന് ദുര്യോധനൻ പറയുന്നു.

*6. യുധാമന്യുശ്ച വിക്രാന്ത ഉത്തമൗജാശ്ച വിര്യവാൻ*
*സൗഭദ്രോ ദ്രൗപദേയാശ്ച സർവ ഏവ മഹാരഥാഃ*

പരാക്രമിയായ യുധാമന്യുവും വീര്യവാനായ ഉത്തമൗജസ്സും സുഭദ്രയുടെ പുത്രനും പാണ്ഡവപക്ഷത്തുണ്ട്. ഇവരെല്ലാവരും മഹാരഥന്മാരാണ്.

*7. അസ്മാകം തു വിശിഷ്ടാ യേ താൻ നിബോധ ദ്വിജോത്തമ*
*നായകാ മമ സൈന്യസ്യ സഞ്ജാർത്ഥം താൻ ബ്രവീമി തേ*

അല്ലയോ ബ്രാഹ്മണ ശ്രേഷ്ഠ! നമുക്കാകട്ടെ എന്റെ സൈന്യത്തിൽ ഏതെല്ലാം നായകന്മാർ വിശിഷ്ടന്മാരായിട്ടുണ്ടോ അവരെ അറിവിലേയ്ക്കായി അങ്ങയോടു പറയുന്നു. അവരെ കേട്ടാലും.

കൗരവസേനയിലുള്ള സേനാനായകന്മാരെ ദുര്യോധനൻ ദ്രോണാചാര്യർക്ക് പരിചയപ്പെടുത്തുന്നു. ദ്രോണാചാര്യരെ പരിചയപ്പെടുത്തേണ്ടതില്ലെങ്കിലും സ്വസൈനബലത്തിൽ കൗരവരുടെതായ സേനാനായകന്മാരെപ്പറ്റി ധരിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്നത് ദുര്യോധനന്റെ ആത്മവിശ്വാസരാഹിത്യത്തെ സൂചിപ്പിക്കുന്നു.

*8. ഭവാൻ ഭീഷ്മശ്ച കർണശ്ച കൃപശ്ച സമതിഞ്ജയഃ*
*അശ്വത്ഥാമാ വികർണശ്ച സൗമദത്തിർജയദ്രഥഃ*

കാശ്മീർപാഠം

*8. സൈന്യേ മഹതി യേ സർവേ നേതാരഃ ശൂരസമ്മതാഃ*
*ഭവാൻ ഭീഷ്മശ്ച കർണശ്ച കൃപഃ ശല്യോജയദ്രഥഃ*
*അശ്വത്ഥാമാ വികർണശ്ച സൗമദത്തിശ്ച വീര്യവാൻ*

എന്റെ വലിയ സൈന്യത്തിലെ എല്ലാ നേതാക്കളും വീരന്മാർക്ക് സമ്മതരായിട്ടുള്ളവരാണ്. ഭവാനും ഭീഷ്മരും കർണ്ണനും യുദ്ധവിജയിയായ കൃപരും അശ്വത്ഥാമാവും വികർണ്ണനും അപ്രകാരംതന്നെ സൗമദത്തിയും (ഭൂരിശ്രവസ്സ്) നമ്മുടെ സേനയിലെ നേതാക്കളാണ്.

ഇവിടെ ദ്രോണർക്കും ഭീഷ്മർക്കും ശേഷം കർണ്ണനെയാണ് പറയുന്നത്. കർണ്ണനെ ഭീഷ്മർ അംഗീകരിക്കുന്നില്ലെങ്കിലും ആദ്യം മുതൽ കർ

ണ്ണനെ അംഗീകരിക്കുന്ന ഗണത്തിൽപെടും ദുര്യോധനൻ. ദുര്യോധനനെ സംബന്ധിച്ച് കർണ്ണൻ ഭീഷ്മർക്കും ദ്രോണർക്കും തുല്യനാണ്.

*9. അന്യേ ച ബഹവഃ ശൂരാഃ മദർത്ഥേ ത്യക്തജീവിതാഃ*
*നാനാശസ്ത്രപ്രഹരണാഃ സർവേ യുദ്ധവിശാരദാഃ*

കാശ്മീർപാഠം

*9. അന്യേ ച ബഹവഃ ശൂരാഃ മദർത്ഥേ ത്യക്തജീവിതാഃ*
*നാനാശസ്ത്രപ്രഹരണാഃ നാനായുദ്ധവിശാരദാഃ*

എനിക്കുവേണ്ടി ജീവിതം ത്യജിച്ച മറ്റ് അനേകം ശൂരന്മാരുമുണ്ട്. വിവിധതരം ആയുധങ്ങളാൽ പ്രഹരിക്കുന്നവരും വിവിധങ്ങളായ യുദ്ധങ്ങളിൽ പ്രവീണരുമാണവർ.

മഹാഭാരതയുദ്ധാവസാനം പഞ്ചപാണ്ഡവർ, ശ്രീകൃഷ്ണൻ, സാത്യകി എന്നിങ്ങനെ പാണ്ഡവപക്ഷത്ത് ഏഴും കൃതവർത്മാവ്, കൃപർ, അശ്വത്ഥാമാവ് എന്നിങ്ങനെ കൗരവപക്ഷത്ത് മൂന്നും കൂടി ആകെ പത്തുപേർ മാത്രമേ അവശേഷിച്ചുള്ളൂ. ബാക്കിയെല്ലാവരും മരിച്ചു. ദുര്യോധനന്റെ 'മദർത്ഥേ ത്യക്തജീവിതാഃ' എന്ന വചനം അറംപറ്റിയോ എന്നുതോന്നും. തനിക്കുവേണ്ടിയാണ് സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും ചന്ദ്രൻ ഉദിച്ച് രാത്രിയ്ക്ക് പ്രകാശം പകരുന്നതും പൂക്കൾ വിടരുന്നതും പക്ഷികൾ ശബ്ദിക്കുന്നതും എന്നു ചിന്തിയ്ക്കുന്ന മനുഷ്യന്റെ പ്രതീകമാണ് ഇവിടെ ദുര്യോധനൻ. അങ്ങനെയുള്ള ദുര്യോധനൻ പറയുന്നു - 'എനിക്കുവേണ്ടി യുദ്ധം ചെയ്യാൻ ജീവിതം ത്യജിച്ചതും ഞാൻ പരിചയപ്പെടുത്തിയതുമായ ഈ നായകന്മാർ വിവിധായുധങ്ങൾ പ്രയോഗിക്കുവാനും വിവിധതരത്തിലുള്ള യുദ്ധങ്ങൾ ചെയ്യുവാനും അറിയുന്നവരുമാണ് എന്ന്.

## അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം

*കിം വാനേന പരിഗണനേന, ഇദം താവദ്വസ്തുതത്ത്വമിത്യാഹ*

രണ്ടു പക്ഷത്തിലേയും സേനകളുടെ വിവരണം എന്തിനു ദുര്യോധനൻ നടത്തി എന്നതിന്റെ വാസ്തവികത ഇവിടെ പറയുന്നു.

*10. അപര്യാപ്തം തദസ്മാകം ബലം ഭീഷ്മാഭിരക്ഷിതം*
*പര്യാപ്തം ത്വിദമേതേഷാം ബലം ഭീമാഭിരക്ഷിതം*

കാശ്മീർപാഠം

*10. അപര്യാപ്തം തദസ്മാകം ബലം ഭീമാഭിരക്ഷിതം*

*പര്യാപ്തം ത്വിദമേതേഷാം ബലം ഭീഷ്മാഭിരക്ഷിതം*

ഭീമനാൽ സംരക്ഷിയ്ക്കപ്പെട്ട പാണ്ഡവസൈന്യം നമ്മുടെ മുന്നിൽ പ്രാപ്തിയുള്ളതല്ല. ഭീഷ്മരാൽ സംരക്ഷിയ്ക്കപ്പെട്ട നമ്മുടെ സൈന്യം ഇവരുടെ മുന്നിൽ പ്രാപ്തിയുള്ളതാണ്.

ഭീമനാൽ സംരക്ഷിയ്ക്കപ്പെട്ടിരിക്കുന്ന പാണ്ഡവസൈന്യത്തെ പരാജയപ്പെടുത്തുവാൻ കൗരവരുടെ സൈന്യം ശക്തമാണ്. എന്നാൽ ഭീഷ്മരാൽ സംരക്ഷിയ്ക്കപ്പെട്ടിരിക്കുന്ന കൗരവസൈന്യത്തെ പരാജയപ്പെടുത്തുവാൻ പാണ്ഡവസൈന്യം ശക്തമല്ല. മഹാരഥന്മാരുടെ സൈന്യങ്ങളുടെയും എണ്ണത്തിൽ വലുത് കൗരവസേനയാണ്. കൗരവർക്ക് പതിനൊന്ന് അക്ഷൗഹിണിപടയും പാണ്ഡവർക്ക് ഏഴ് അക്ഷൗഹിണിപടയുമാണുള്ളത്. ധൃഷ്ടദ്യുമ്നനാണെന്ന് പാണ്ഡവസേനാപതിയെങ്കിലും അർജ്ജുനന്റെ പ്രത്യേക താല്പര്യപ്രകാരം സൂചീമുഖം എന്ന രൂപത്തിൽ പാണ്ഡവസൈന്യത്തെ വിന്യസിച്ച് പാണ്ഡവസൈന്യത്തെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത് ഭീമസേനനാണ്. എന്നാൽ സൈനികബലാധിക്യത്താൽ ഭീമൻ സംരക്ഷിച്ചു നിർത്തിയിരിക്കുന്ന പാണ്ഡവസൈന്യത്തിന് കൗരവരെ ജയിയ്ക്കാൻ പ്രാപ്തിയില്ല എന്നാണ് ദുര്യോധൻ ദ്രോണാചാര്യനെ അറിയിയ്ക്കുന്നത്. അതേസമയം ഭീഷ്മരാൽ സംരക്ഷിതമായിരിയ്ക്കുന്ന കൗരവസൈന്യത്തിന് പാണ്ഡവരെ ജയിയ്ക്കാൻ പ്രാപ്തിയുണ്ടെന്നും ദുര്യോധനൻ ഇവിടെ വ്യക്തമാക്കുന്നു.

*അയനേഷു ച സർവേഷു യഥാഭാഗമവസ്ഥിതാഃ*
*ഭീഷ്മമേവാഭിരക്ഷന്തു ഭവന്തഃ സർവ ഏവ ഹി*

എല്ലാ വഴികളിലും അവരവരുടെ സ്ഥാനങ്ങളിൽ നിലയുറപ്പിച്ചുകൊണ്ട് നിങ്ങളെല്ലാവരും ഭീഷ്മരെത്തന്നെ രക്ഷിയ്ക്കണം.

കൗരവസൈന്യത്തിന്റെ രക്ഷ ഭീഷ്മപിതാമഹനിലാണെന്ന് ദുര്യോധനൻ അനുസ്മരിയ്ക്കുന്നു. ഭീഷ്മപിതാമഹന് ചുറ്റും ഒരു പ്രത്യേകസൈന്യവ്യൂഹരൂപം ചമച്ചിട്ടുണ്ട്. ആ വ്യൂഹത്തിന്റെ ഉള്ളിലേയ്ക്ക് കടക്കുവാനും അവിടെനിന്ന് പുറത്തേയ്ക്ക് പോകുവാനും വഴികളുണ്ട്. അതിന്റെ ഉള്ളിലേക്ക് ശത്രുക്കൾ കടക്കുവാനോ കടന്നാൽ തന്നെ പുറത്തേയ്ക്ക് പോകുവാനോ സാധ്യമല്ലാത്തവിധം ആ വഴികളിൽ മറ്റുള്ളവരെല്ലാവരും നിലയുറപ്പിയ്ക്കണമെന്ന് ദുര്യോധനൻ ഈ ശ്ലോകത്തിലൂടെ വ്യക്തമാക്കുന്നു.



RNI Registration Number – KERMAL/2012/56910

ഞങ്ങളുടെ വെബ്സൈറ്റിൽ

**(www.shripuram.org)**

നിന്നും സൌജന്യമായി ഡൌൺലോഡ്

ചെയ്യാവുന്ന തന്ത്രഗ്രന്ഥങ്ങൾ

**തന്ത്രസമുച്ചയം**

(വിവരണം വിമർശിനി

വ്യാഖ്യാനസഹിതം, ദേവനാഗരി ലിപി)

**തന്ത്രസമുച്ചയം**

(മലയാള വ്യാഖ്യാനം)

**ശേഷസമുച്ചയം**

(വിമർശിനി വ്യാഖ്യാനത്തോട് കൂടിയത്,

ദേവനാഗരി ലിപി)

**കലശചന്ദ്രിക**

Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash